KNANAYADEEPAM

# ക്നാനായദീപം

SINCE 1989
Vol: 28 / Issue: 12 December 2018 ₹ :10/-



# ക്നാനായ കോൺഗ്രസ്



ക്നാനായ കോൺഗ്രസ് സമ്പൂർണ്ണ പ്രതിനിധി സമ്മേളനവും വിവിധ ക്ഷേമ പദ്ധതികളുടെ ഉത്ഘാടനവും ബഹു. കേരള ധനകാര്യ വകുപ്പ് മന്ത്രി ഡോ. T.M. തോമസ് ഐസക് – വെളിയനാട് ബേത്‌ലഹേം ക്നാനായ പള്ളിയിൽ നിർവ്വഹിക്കുന്നു.





ജർമ്മനിയിൽ നിന്നു വന്ന സിറിയൻ ഓർത്തഡോക്സ് (SOKAD) അംഗങ്ങളോടൊപ്പം
അഭിവന്ദ്യ ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തയും സമുദായ ഭാരവാഹികളും

# ക്നാനായദീപം

SINCE 1989

2018 ഡിസംബർ പുസ്തകം 29 ലക്കം 12

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം



**Chief Patron**
**H.E. Mor Severios Kuriakose**
Chief Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathewkutty Thekkeparambil
E. P. Kuriakose, Edavazhikkal
Thomas K. A. Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparambil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
Joseph P. A. Puthenpurackal
Kuriakose A. U. Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Scaria Thomas (Ex. M.P.)
(Lay Trustee)
T. O. Abraham Thodathil
(Samudaya Secretary)

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com



**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 7034400176
E-mail:
**kna.deepam@gmail.com**


**Visit www.knanayadeepam.com**

## ഉള്ളടക്കം


എഡിറ്റോറിയൽ 04

വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം 05

മലങ്കരസഭ 06
പ്രൊഫ. പി. കെ. സ്കറിയ

വയോധികരുടെ വ്യഥകൾ 08
റ്റി. എം. തോമസ് കൊച്ചുപുരയ്ക്കൽ

കയ്പ്പിനെ മധുരമാക്കാം 09
സി. ഐ. ചാക്കോ, നീലംപേരൂർ

Green Protocol 10
Neethu Anoop

വചനാമൃതം 15
ഫാ. റോയി മാത്യു കോർ എപ്പിസ്ക്കോപ്പാ

പ്രളയം (കവിത) 17
ജയ്നമ്മ മർക്കോസ്

പ്രീമാരിറ്റൽ കൗൺസലിംഗ് 18
ഫാ. ഡോ. ജയിംസ് തോടത്തിൽ

കാല്പാടുകൾ 20
എബി

സ്നേഹപിതാവ് മകൾക്കെഴുതിയ ഒരു കത്ത് 21
പ്രൊഫ. എം. എ. ഏബ്രഹാം മണിമലേത്ത്

മലർവാടിക്കൂട്ടം 24

മാട്രിമോണിയൽ 43


ക്നാനായദീപം വരിസംഖ്യ കുടിശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.

ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക

# editorial

## എഡിറ്റോറിയൽ

കാലചക്രം ഒരിക്കൽകൂടെ തിരിഞ്ഞു. ഒരു വർഷംകൂടെ ക്രിസ്തുമസ്സ് ആഘോഷിക്കുവാൻ തക്കവണ്ണം.ഒരു വർഷം ഇനിയും വരാതവണ്ണം നമ്മെ വിട്ട് കടന്നുപോയി. 2018 ചരിത്രത്തിന്റെ ഏടുകളിൽ സ്ഥാനം പിടിച്ചു എന്തെന്തു സംഭവങ്ങൾ, എത്രയെത്ര സംഭവങ്ങൾ- ലോകജനതയെ ഞെട്ടിച്ചുകൊണ്ട് ഒരു മഹാ പ്രളയം, വിമാനാപകടങ്ങൾ, ഭൂകമ്പങ്ങൾ, മഹാമാരികൾ, ക്ഷാമങ്ങൾ, വരൾച്ചകൾ ഇവ മുഖാന്തിരം കോടാനുകോടി ജനങ്ങൾ നരകയാതന അനുഭവിച്ചു പ്രകൃതിയുടെ വിളയാട്ടം ഒഴിഞ്ഞ് പോയതിന്റെ ഭീതിയുടെ നിഴലിൽ മനുഷ്യൻ എന്തു ചെയ്യണം എന്നറിയാതെ പകച്ചു നിൽക്കുന്നു. സമ്പാദ്യവും, നേട്ടങ്ങളും ഈ ജീവിതായുസ്സിൽ കെട്ടിപ്പടുത്തവയെല്ലാം ഒരു നിമിഷംകൊണ്ട് തകർന്നടിഞ്ഞപ്പോൾ പകച്ചുപോയ ജീവിതങ്ങൾ നെടുവീർപ്പിട്ടും അയ്യം വിളിച്ചും ഓടി രക്ഷപ്പെട്ടവർ, സമ്പത്തും വീടും കന്നുകാലികളും വെള്ളം കാർന്നെടുക്കുന്നത് കണ്ട് ഹൃദയത്തകർച്ചയോടെ നോക്കി നിന്നവർ പ്രകൃതി അതിന്റെ സകല രൗദ്രഭാവവും പുറത്തെടുത്ത ദിനരാത്രങ്ങൾ, ആ ദിവസങ്ങളിൽ മനോരമയിൽ വന്ന ഒരു തലക്കെട്ട് വളരെ ചിന്തനീയമാണ്.

''പ്രകൃതി ഒന്നുറഞ്ഞു തുള്ളിയാൽ മനുഷ്യൻ ഒന്നുമില്ല'' പത്രമാധ്യമങ്ങളും, ടി.വി. ചാനലുകളും എല്ലാം ഒരുപോലെ പകർത്തിയെടുത്ത ചിത്രങ്ങൾ ഇന്നും മനസ്സിൽ മറയാതെ നിൽക്കുന്നു. ജാതിയും മതവും നിറവും നോക്കാതെ സർവ്വം മറന്ന് ഏവരും തങ്ങളാൽ ആവുംവിധം രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. ആയിരങ്ങളെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവന്നു. എന്നിട്ടും അനേക ജീവിതങ്ങൾ മരണത്തിന്റെ കയത്തിൽ താണുപോയി. പലരും പറഞ്ഞു ഇതുപോലൊരു സംഭവം കണ്ടിട്ടില്ല. ചിലർ പറഞ്ഞു ഇത് ദൈവത്തിന്റെ ന്യായവിധി എന്ന് ഉല്പത്തി 6:11–12 വാക്യങ്ങളിൽ എന്നാൽ ഭൂമി ദൈവത്തിന്റെ മുമ്പാകെ വഷളായി. ഭൂമി അതിക്രമംകൊണ്ട് നിറഞ്ഞിരുന്നു. ദൈവം ഭൂമിയെ നോക്കി. അത് വഷളായി എന്നു കണ്ടു. സകല ജഢവും ഭൂമിയിൽ തന്റെ വഴി വഷളാക്കിയിരുന്നു". ഒരിക്കൽ ഭൂമിയിൽ ദൈവം ഒരു പ്രളയം വരുത്തി അതിനു കാരണം മനുഷ്യന്റെ പാപപ്രവർത്തികളായിരുന്നു. ഇന്നും മറിച്ചല്ല. പാപത്തിന്റെയും പാപപ്രവർത്തികളുടെയും കേളീരംഗമായിമാറിയിരിക്കുന്നു നമ്മുടെ നാട്. എവിടെയും മത്സരവും ദുർന്നടപ്പും, പള്ളി പിടുത്തവും പെണ്ണു പിടിത്തവും അരാജകത്വവും കൊടി കുത്തി വാഴുന്നു. നീതിക്ക് പകരം അനീതി നന്മയ്ക്ക് പകരം തിന്മ പ്രവർത്തിക്കുന്ന കാലം. നോഹയുടെ കാലംപോലെ കുടിച്ചും വലിച്ചും പുകച്ചും മദിച്ചും നടക്കുന്ന വഷളത്തത്തിന്റെ പ്രതീകമായ ഒരു തലമുറയുടെ ലക്ഷ്യം തെറ്റിയുള്ള യാത്രയാണ് നാം ഇന്നു കാണുന്നത്. അയ്യോ പാപമുള്ള ജാതി അകൃത്യഭാരം ചുമക്കുന്ന ജനം ദുഷ്പ്രവർത്തിക്കാരുടെ സന്തതി. വഷളായി നടക്കുന്ന മക്കൾ (യെശ:1:4) ഇതാണ് ഇന്നത്തെ ചിത്രം. ആകാശ മണ്ഡലത്തിൽ മാറ്റത്തിന്റെ വേലിയേറ്റം കാണുന്നു. സമുദ്രത്തിലും വലിയ മുഴക്കങ്ങൾ രൂപം കൊള്ളുന്നു. കാറ്റിന്റെയും മഴയുടെയുമെല്ലാം ഗതിമാറ്റം അനുഭവപ്പെടുന്നു ഇതുവരെ കാണാത്ത മഴക്കെടുതികളും മഹാ പ്രളയവും ഉണ്ടാകുന്നു. നമ്മുടെ കർത്താവ് പറഞ്ഞു. ഇതൊക്കെയും കാണുമ്പോൾ അവൻ അടുക്കെ വാതിൽക്കൽ തന്നെ ആയിരിക്കുന്നു എന്ന് അറിഞ്ഞുകൊള്ളുവിൻ. നോഹയുടെ കാലംപോലെതന്നെ മനുഷ്യ പുത്രന്റെ വരവും ആകും ഒരുങ്ങിക്കൊൾക. മത്താ.24:33–37.

സൃഷ്ടിയുടെ മകുടമാണ് മനുഷ്യൻ. ദൈവം തന്റെ സ്വരൂപത്തിൽ നിർമ്മിച്ച് മറ്റു സൃഷ്ടികൾക്കധിപനായി നിയമിച്ചതാണ് മനുഷ്യനെ ഏദനിലെ നിഷ്പാപനായ മനുഷ്യൻ ശ്രേഷ്ഠതയുടെ പരമ കോടിയാണ്. ഉല്പ.1:26. എന്നാൽ പാപം ചെയ്ത മനുഷ്യൻ ഏറ്റവും അധ:പതിച്ചവനായി തീർന്നു. ശതാബ്ദങ്ങളുടെ പൂർണ്ണതയിൽ കന്യകമറിയത്തിൽ ഉദിച്ച ഉദയ സൂര്യൻ അന്ധകാരത്തിൽ നിപതിച്ചിരുന്ന ജനത്തിന് അത്ഭുതജ്യോതിസ്സായി ഭവിച്ചു. മനഷ്യത്വത്തിന്റെ തേജസ്സും ദൈവത്വത്തിന്റെ പ്രതിഭയും പൂർണ്ണമായി വെളിപ്പെട്ടത് അവനിലാണ്. അതിനുശേഷമുള്ള മാനവപുരോഗതി ശ്രദ്ധിക്കൂ. സാമ്പത്തികമായും ധാർമ്മികമായും വ്യവസായികമായും ശാസ്ത്രീയമായും ഉള്ള അവന്റെ പരിണാമം ശ്രദ്ധിക്കൂ. മനുഷ്യൻ പരാധീനനാണോ? അതേ ദൈവത്തിനും പിശാചിനും മാത്രം അധീനനാണവൻ. പിശാചിന്റെയും അതിലൂടെ പാപത്തിന്റെയും അധീനതയിൽ നിന്നും ഉള്ള വിടുതലിന്റെ സന്ദേശം കൈക്കൊണ്ടു കഴിഞ്ഞാൽ പിന്നെ ദൈവത്തിന്റെ മാത്രം അധീനതയിലുള്ളവനാണ് മനുഷ്യൻ. ക്രിസ്തുവിൽ മനുഷ്യന്റെ പരിമിതികൾ ഇല്ലാതാകുന്നു. ക്രിസ്തുവിലായാൽ പുതിയ സൃഷ്ടിയാകുന്നു.

ക്രിസ്തീയോപദേശ സത്യങ്ങളുടെ മഹിമയെപ്പോലെ തന്നെ ക്രിസ്തുവിന്റെ മഹിമയേയും മനുഷ്യർ തീരെ ലഘൂകരിക്കുന്ന ഒരുകാലയളവിലാണ് നാം ജീവിക്കുന്നത്. ക്രിസ്തുവിനെ ലോകമഹാന്മാരിൽ ഒരുവനായി പരിഗണിക്കുന്നതിൽ ആർക്കും വിരോധമില്ല. "ക്രിസ്തു ഒരു അവതാരമാണ് അങ്ങനെ പല അവതാരങ്ങൾ ഉണ്ടായിട്ടുണ്ട്. ഇനിയും ഉണ്ടാകുകയും ചെയ്യാം" ഇതാണ് ഹൈന്ദവ ചിന്താഗതി. മതസ്ഥാപകന്മാരായ മഹാന്മാരിൽ ഒരുവനായി ക്രിസ്തുവിനെ ബഹുമാനിക്കയാണ് അക്രൈസ്തവ മത ചിന്തകന്മാർ പലരും. എന്നാൽ ഒരു ക്രൈസ്തവൻ ക്രിസ്തുവിനെ നിസ്തുലനായി മനുഷ്യവർഗ്ഗത്തിന്റെ ഏക രക്ഷിതാവായി വിശ്വസിക്കുന്നു. "മറ്റൊരുത്തനിലും രക്ഷയില്ല നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൽ കീഴിൽ മനുഷ്യരുടെയിടയിൽ നല്കപ്പെട്ട വേറൊരു നാമവുമില്ല" എന്നാണ് ദൈവവചനം പഠിപ്പിക്കുന്നത്. ഞാൻ തന്നെ വഴി എന്നാണ് ക്രിസ്തു പറഞ്ഞത്. ഞാനും വഴി എന്ന് അവിടുന്നു പറഞ്ഞിട്ടില്ല. "ഞാൻ മുഖാന്തിരമല്ലാതെ പിതാവിന്റെ അടുക്കൽ ആരും എത്തുന്നില്ല എന്നാണ് കർത്താവ് പഠിപ്പിച്ചത് ലോകത്തിന്റെ ഏക

*(ശേഷം പേജ് 38)*

# വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം



ഒരു ക്രിസ്തുമസ്കാലം കൂടി വരവായി. യഹൂദ്യായിലെ ബേത്‌ലഹേമിൽ ലോക രക്ഷകനായ യേശു ജനിച്ചതിന്റെ ഓർമ്മ മാനവരാശികൊണ്ടാടുന്ന കാലയളവ്. നമുക്കും യോഗ്യമാംവിധം പെരുന്നാൾ ആഘോഷങ്ങളിൽ പങ്കുചേരാം.

യേശു എന്നാൽ രക്ഷകനെന്നാണർത്ഥം. ബേത്‌ലഹേമിൽ ജാതനായ ദൈവപുത്രന് യേശു എന്നപേരിടണമെന്നു സ്വർഗ്ഗമാണു നിർദ്ദേശിച്ചത്. കാരണം ഈ കുഞ്ഞ് ദൈവത്താൽ ജനിപ്പിക്കപ്പെട്ടത് ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിപ്പാനായിട്ടാണ്. (മത്താ.1:21) ദൈവകരങ്ങളാൽ സൃഷ്ടിക്കപ്പെട്ടു ഏദൻതോട്ടത്തിലാക്കപ്പെട്ട മനുഷ്യനെ, തോട്ടത്തെ കാപ്പാനും അതിൽ വേല ചെയ്യുവാനും, തോട്ടത്തിന്റെ നടുവിൽ നിൽക്കുന്ന നന്മതിന്മകളെക്കുറിച്ചുള്ള അറിവിൻ വൃക്ഷത്തിൻഫലം ഒഴിച്ചു ബാക്കി സകല വൃക്ഷങ്ങളുടെയും ഫലംഭക്ഷിപ്പാൻ അനുവാദവും നല്കി (ഉല്പ.2:9-17) തോട്ടത്തിന്റെ നടുവിലെ ജീവവൃക്ഷത്തിന്റെ ഫലവും തിന്നാൻ അനുവാദം മനുഷ്യനുണ്ടായിരുന്നു. ഈ ഫലം തിന്നാൽ മനുഷ്യൻ നിത്യ ജീവൻ പ്രാപിക്കുമായിരുന്നു (ഉല്പ.3:22) എന്നാൽ അനുസരണം കെട്ട മനുഷ്യൻ ദൈവത്തിന്റെ പ്രതിയോഗിയായ സാത്താന്റെ വാക്കിനു വിലകല്പിച്ചു. വിലക്കപ്പെട്ട മരണവൃക്ഷത്തിന്റെ ഫലം പറിച്ചുതിന്നു മരണത്തിനധീനനായി തീർന്നു. പാപത്തിനടിമയായ മനുഷ്യനെ പറുദീസയിൽ വച്ചുകൊണ്ടിരുന്നാൽ ഈ പാപാവസ്ഥയിൽ ജീവവൃക്ഷത്തിന്റെ ഫലം പറിച്ചു തിന്നു പാപത്തിൽ എന്നേക്കും ജീവിപ്പാനിടയാകാതിരിപ്പാനാണ് അവനെ ഭൂമിയിലേക്കിറക്കിക്കളഞ്ഞത് ഏക മനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു. (റോമ 5:12), പാപികളായ മനുഷ്യവർഗ്ഗത്തിന്റെ പാപം തന്റെ മേൽ ആക്കി തന്റെ അടിപ്പിണരാൽ ജനത്തിനു സൗഖ്യം വരുത്തുവാനുമായിട്ടാണ് യേശു എന്ന രക്ഷകൻ ബേത്‌ലഹേമിൽ അവതരിച്ചത് (യെശ.53) തന്റെ ശരീരം ഭക്ഷിക്കയും തന്റെ രക്തം കുടിക്കയും ചെയ്താൽ താൻ നമ്മിലും നാം അവനിലും വസിക്കും. നമുക്കു നിത്യജീവനുണ്ടാകുകയും, അവസാനനാളിൽ ഉയർത്തെഴുന്നേൽക്കുകയും ചെയ്യും എന്നു താൻ പഠിപ്പിച്ചു (യോ. 6) പെസഹായുടെ രാത്രി പാപമില്ലാത്തവനായ താൻ പാപികളായ നമുക്കുവേണ്ടി വി. കുർബ്ബാന സ്ഥാപിച്ചു. തന്റെ ശരീരം മുറിച്ചു നമുക്കുഭക്ഷണമായി നല്കി. രക്തം പകർന്നു നമ്മെ കുടിപ്പിച്ചു. നമുക്ക് പാപമോചനവും നിത്യജീവനും, ദൈവരാജ്യവും അവകാശമാക്കിത്തന്നു. ആ രക്ഷകന്റെ പിറന്നാൾ ഓരോ വിശുദ്ധ കുർബ്ബാനയിലും വിശ്വാസികൾ ആഘോഷിക്കുന്നു.

മാനവരാശിയെ പാപത്തിൽനിന്നും മരണത്തിൽനിന്നും വീണ്ടെടുക്കുന്ന രക്ഷകന്റെ പിറന്നാൾ ആഘോഷം എങ്ങനെ ആയിരിക്കണം? മദ്യം പാനം ചെയ്തു വിവേകം നഷ്ടപ്പെടുത്തിയോ? നിശാ ക്ലബ്ബുകളിൽ അഴിഞ്ഞാടിയോ? ഏഷ്യനാഫ്രിക്കൻ രാജ്യങ്ങളിൽ കോടാനുകോടി കുഞ്ഞുങ്ങൾ ആഹാരം ലഭിക്കാതെ പട്ടിണി മരണം പ്രാപിക്കുമ്പോൾ ദീപാലങ്കാരങ്ങൾ നടത്തിയും ആകാശ ദീപക്കാഴ്ച നടത്തിയും കോടാനുകോടി രൂപ അഗ്നിക്കിരയാക്കിയോ? ബേത്‌ലഹേമിലെ പുൽക്കൂട്ടിൽ കണ്ട ഈ അത്ഭുത പൈതലിന്റെ നിലനിൽപ്പിനുവേണ്ടി പ്രാണനുപേക്ഷിക്കേണ്ടിവന്ന റാമയിലെ കുഞ്ഞുങ്ങളുടെ മാതാക്കളുടെ കരച്ചിൽ കേൾ ക്കാത്ത ഒരു ആഘോഷമാണ് നമ്മുടെ ക്രിസ്മസ്സ് എങ്കിൽ ദൈവം സന്തോഷിക്കില്ല നിശ്ചയം! അലങ്കരിച്ച നക്ഷത്രങ്ങളല്ല യേശുവിങ്കലേക്കുവഴി കാട്ടിയാകേണ്ടത്. മറിച്ച് നാം നക്ഷത്രങ്ങളായി രൂപാന്തരപ്പെടണം. ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിലെ പ്രഭ പോലെയും പലരെയും നീതിയിലേക്കു തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നേക്കും പ്രകാശിക്കും (ദാനി 12:3).

മഹാപ്രളയാനന്തര കേരളത്തിലെ ആദ്യ ക്രിസ്തുമസ്സ് ആഘോഷം ദൈവോചിത ആഘോഷമായി ഭവിക്കട്ടെ.

ക്രിസ്തുമസ്സ് പുതുവത്സരാംശസകളോടെ,
കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ

**ആർച്ച്ബിഷപ് സേവേറിയോസ് കുര്യാക്കോസ്**
**വലിയ മെത്രാപ്പോലീത്താ**

# മലങ്കരസഭ

പ്രൊഫ. പി.കെ. സ്കറിയാ, കുന്നത്തിൽ

## ഉത്ഭവവും പരിണാമവും

**The malankara Church- Origin & Evolution**

**ആമുഖം**

എ.ഡി. ഒന്നാം നൂറ്റാണ്ടിൽ കേരളത്തിൽ സ്ഥാപിതമായ ക്രൈസ്തവ സമൂഹത്തിന്റെ പ്രത്യേകിച്ച് മലങ്കര സുറിയാനി സഭയുടെ ചരിത്രം സാധാരണക്കാർക്കു മനസ്സിലാവുന്ന ലളിതഭാഷയിൽ അവതരിപ്പിക്കുന്നതിനുള്ള എളിയശ്രമമാണ് ഇത്. ഇവിടുത്തെ ക്രൈസ്തവസമുദായം (Christian Community) കടന്നുപോന്ന വഴികൾ ക്രമാനുഗതമായും കാലാനുഗതമായും (Chromological order) ചൂണ്ടിക്കാണിക്കയാണ് ലക്ഷ്യം. വർഷങ്ങളും തീയതികളും **സംഭവങ്ങളും** സിറിയൻ ഓർത്തഡോക്സ് സഭ പൊതുവെ അംഗീകരിച്ചിട്ടുള്ളവയെ ആണ് പ്രധാനമായും അവലംബിച്ചിട്ടുള്ളത്. സാധാരണ വായനക്കാർക്ക് ഉണ്ടായേക്കാവുന്ന ചിന്തകുഴപ്പം ഒഴിവാക്കാൻ സഭാചരിത്രകാരന്മാരുടെ ഇടയിൽ തർക്കമുള്ള വിഷയങ്ങളും (Controversial issues) തീയതികളും കഴിവതും ഒഴിവാക്കിയിട്ടുണ്ട്. ഇതു ചരിത്രപരമായ ഒരു ഗവേഷണത്തിന്റെ ഫലമല്ല. തികച്ചും വായന (Reading) യിൽ നിന്നും നിരീക്ഷണ (Observation) ത്തിൽ നിന്നും സമാലോചന (Consultation) യിൽ നിന്നും ഉരുവായ ചരിത്രാവബോധത്തിന്റെ പ്രതിഫലനമാണ്.

Note: A.D. 1498 ലെ പോർച്ചുഗീസുകാരുടെ കേരളത്തിലേക്കുള്ള വരവുമുതൽ നാളിതുവരെയുള്ള മലങ്കരസഭ നാൾവഴി 2017 ഏപ്രിൽ മുതൽ 2018 നവംബർ വരെയുള്ള ക്നാനായദീപത്തിന്റെ 20 ലക്കങ്ങളിലായി ചുരുക്കമായി പ്രതിപാദിച്ചിരുന്നല്ലോ. മലങ്കരസഭാസ്ഥാപനം മുതൽ പതിനഞ്ചാം നൂറ്റാണ്ടുവരെയുള്ള മുൻകാലസഭാചരിത്രം വളരെ ചുരുക്കമായി അവതരിപ്പിച്ച് ഈ എളിയ സംരംഭം പൂർണ്ണമാക്കാമെന്ന് കർത്താവിൽ ശരണപ്പെടുന്നു.

**ആദിമ ക്രൈസ്തവസഭ**

" നീ പത്രോസ് ആകുന്നു, ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും. പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല" (വി. മത്തായി 16:18).

"എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികളാകും" (അപ്പോ.പ്രവൃ.1:8).

പെന്തക്കോസ്തുനാളിൽ ഒരുമിച്ചുകൂടിയിരുന്ന ക്രിസ്തു ശിഷ്യന്മാരുടെ മേൽ പരിശുദ്ധാത്മ ആവാസം ഉണ്ടാവുകയും അവർക്ക് അന്യഭാഷാവരം ലഭിക്കയും ചെയ്തു. കൂടിയിരുന്നവർ എല്ലാവരും അനുതപിച്ച് യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽക്കണമെന്നും പരിശുദ്ധാത്മദാനം അനുഭവവേദ്യമാക്കണമെന്നും വി. പത്രോസ് ആഹ്വാനം ചെയ്തു. പത്രോസിന്റെ വചനം സ്വീകരിച്ചവർ വിശ്വസിച്ച് സ്നാനം ഏറ്റു. അന്നുതന്നെ ഏകദേശം 3000 ആളുകൾ അവരോട് ചേരുകയും ചെയ്തു. അങ്ങനെ ആദിമ ക്രൈസ്തവസഭ യെരുശലേമിൽ രൂപംകൊണ്ടു. ദിനം പ്രതി വളർന്നുവന്ന സഭ യെരുശലേമിനു ചുറ്റുമുള്ള പട്ടണങ്ങളിലേക്ക് വ്യാപിച്ചു. യഹൂദ്യ, ഗലീലിയ, ശമര്യ,യോപ്പാ, കൈസര്യ മുതലായ പട്ടണങ്ങളിലെല്ലാം സഭയ്ക്ക് ആത്മീയ അഭിവൃദ്ധി ഉണ്ടായി. സഭയുടെ ബദ്ധശത്രുവായിരുന്ന ശൗൽ ((പിന്നീട് പൗലോസ് അപ്പോസ്തോലൻ) മാനസാന്തരപ്പെട്ട് ദമസ്ക്കോസിലെ ക്രിസ്തു ശിഷ്യനായിരുന്ന അനന്യാസിൽ നിന്ന് സ്നാനം ഏറ്റു. സഭ ക്രമേണ വളർന്ന് യഹൂദന്മാരിൽ നിന്ന് വിജാതീയരിലേക്ക് പടർന്നു. ക്രിസ്തു ശിഷ്യനായിതീർന്ന ശൗൽ സിറിയയിലെ അന്ത്യോഖ്യായിലേക്ക് പോയി. അവിടെവച്ച് ക്രിസ്തുശിഷ്യന്മാർക്ക് ക്രിസ്ത്യാനികൾ എന്ന പേര് ലഭിച്ചു.

**മലങ്കര സഭാ സ്ഥാപനം**

ക്രിസ്തു ശിഷ്യന്മാർ യരുശലേമിൽ സുവിശേഷീകരണം (ക്രൈസ്തവ പ്രഘോഷണം) ആരംഭിക്കുന്ന കാലത്ത് ഗ്രീക്കുകാരും ഈജിപ്റ്റുകാരുമായ കപ്പൽക്കാർ ഈജിപ്റ്റിലെയും പേർഷ്യൻ ഉൾക്കടലിലെയും തുറമുഖങ്ങളിൽ നിന്ന് ഇൻഡ്യയിലെ മലബാർ തീരത്തെ മുസിറസ് (കൊടുങ്ങല്ലൂർ) തുറമുഖത്ത് പ്രധാനമായും വാണിജ്യാവശ്യങ്ങൾക്കായി വന്നിരുന്നു എന്നുള്ളത് ചരിത്രസത്യമാണ്(അപ്പോസ്തോലിക കാലത്തിനു വളരെ മുമ്പു തന്നെ ഇൻഡ്യയും പേർഷ്യയും മറ്റു മദ്ധ്യപൂർവ്വദേശങ്ങളുമായി വാണിജ്യബന്ധം ഉണ്ടായിരുന്നു എന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഇൻഡ്യൻ തുറമുഖങ്ങളിൽ ഈജിപ്റ്റിനോട് ഏറ്റവും അടുത്ത തുറമുഖം അന്ന് മൂസീറസ് (കൊടുങ്ങല്ലൂർ) ആയിരുന്നു.

**മാർ തോമ്മാ ശ്ലീഹായുടെ ആഗമനം-ഒന്നാം നൂറ്റാണ്ട്**

ക്രിസ്ത്വബ്ദം 52 ൽ മാർതോമ്മാശ്ലീഹാ മഡീറബിൽ വന്നിറങ്ങി എന്നാണ് കരുതപ്പെടുന്നത്. മെഡിറ്ററേനിയർ തീരത്തുള്ള കൈസര്യ (ഇസ്രായേൽ) യിൽ നിന്ന് ഈജിപ്റ്റുകാരുടെയോ ഗ്രീക്കുകാരുടെയോ ആയ ഏതെങ്കിലും വാണിജ്യകപ്പലിൽ ആയിരിക്കണം അദ്ദേഹം സമുദ്ര യാത്ര നടത്തിയത്. അക്കാലത്ത് ഇൻഡ്യയിൽ കച്ചവടത്തിനു വന്നിരുന്ന എല്ലാ ഈജിപ്ഷ്യൻ കപ്പലുകളും അറബിക്കടൽ വഴിയായി നേരിട്ട് കൊടുങ്ങല്ലൂരിൽ എത്തിയിരുന്നു എന്നാണ് വിശ്വസിക്കപ്പെടുന്നത്.

കൊടുങ്ങല്ലൂരിൽ വന്നിറങ്ങിയ മാർതോമ്മാ ശ്ലീഹായുടെ ക്രൈസ്തവ പ്രഘോഷണങ്ങളിൽ ആകൃഷ്ടരായ അനേകർ (പ്രത്യേകിച്ച് ഉൽകൃഷ്ടവംശജരായ ബ്രാഹ്മണർ എന്നു പറയപ്പെടുന്നു). (1)ക്രിസ്തുമാർഗ്ഗം സ്വീകരിച്ചു.

കൊടുങ്ങല്ലൂരിനു സമീപമുള്ള മാലിയാങ്കര (ഈ സ്ഥലനാമത്തിൽ നിന്നാണ് മലങ്കര സഭ എന്നു പേരുണ്ടായത്). (2) പാലൂർ (പാലയൂർ) (3) പറവൂർ (കോട്ടയ്ക്കൽ) (4) ഗ്രാക്കമംഗലം (തെക്കെപള്ളിപ്പുറത്ത്) (5) തിരുവല്ലാക്കടുത്ത് നിരണം (6) ചായൽ (നിലക്കൽ) (7) കൊല്ലം (കരക്കേണികൊല്ലം) എന്നീ സ്ഥലങ്ങളിൽ ഏഴ് പള്ളികൾ അദ്ദേഹം സ്ഥാപിച്ചു. ബ്രാഹ്മണ ഇല്ലങ്ങളായ(1) പകലോമറ്റം (2) ശങ്കരപുരി, (3)കള്ളി (4) കളിയാങ്കൽ എന്നീ കുടുംബങ്ങളിൽ നിന്ന് പട്ടക്കാരെയും നിയമിച്ചതായി വിശ്വസിക്കപ്പെടുന്നു.

പിന്നീട് ഇൻഡ്യയുടെ കിഴക്കെ തീരത്തേക്ക് നീങ്ങിയ മാർതോമ്മാ ശ്ലീഹാ അവിടെയും ഏതാനും പള്ളികൾ സ്ഥാപിച്ചതിനുശേഷം മലാക്ക, ചൈന എന്നീ ദേശങ്ങളിൽ പോയി തിരികെ ഇൻഡ്യയിലേക്കുവന്ന അദ്ദേഹം മദ്രാസിനടുത്ത് മൈലാപ്പൂരിൽവച്ച് എ.ഡി. 72 ൽ രക്തസാക്ഷിത്വം വരിച്ചു.

Note: തോമ്മാ ശ്ലീഹാ മേൽപറഞ്ഞ ഏഴ് സ്ഥലങ്ങളിൽ കുരിശുകൾ നാട്ടി അവിടെയൊക്കെ ക്രൈസ്തവകേന്ദ്രങ്ങൾ സ്ഥാപിക്കയും വൃക്ഷത്തണലുകളിലോ ചെറിയ മുളം കുടിലുകളിലോ, വിശ്വാസികൾ കൂടി വന്ന് പ്രാർത്ഥിക്കുകയായിരുന്നു പതിവെന്നും 4-ാം നൂറ്റാണ്ടിനുശേഷമാണ് ഇവിടെയൊക്കെ കല്ലും മരവും കൊണ്ടുള്ള കെട്ടിടങ്ങൾ പണിയാൻ ആരംഭിച്ചതെന്നും ചില ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നു.

**രണ്ടാം നൂറ്റാണ്ട്**

ഒന്നാം നൂറ്റാണ്ടിൽ സ്ഥാപിതമായ ഇൻഡ്യയിലെ (മലങ്കര) ക്രൈസ്തവ സഭയെക്കുറിച്ച് പിന്നീട് നാം മനസ്സിലാക്കുന്നത് എ.ഡി. 190 ൽ ഇവിടെ സുവിശേഷവേലക്കായി എത്തിയ അലക്സാൻഡ്രിയൻ മിഷണറി പന്ത്രനൂസിന്റെ പ്രവർത്തനചരിത്രത്തിൽ നിന്നാണ് മലങ്കര ക്രിസ്താനികളുടെ വൈദികാദ്ധ്യാപകരെ അയച്ചുതരണമെന്നുള്ള അപേക്ഷാനുസരണം അലക്സാൻഡ്രിയയിലെ (ഈജിപ്റ്റ്) ബിഷപ്പായിരുന്ന ഡിമാട്രിയസ് ആണ് അദ്ദേഹത്തെ അയച്ചത്. പന്ത്രനൂസ് അലക്സാൻഡ്രിയയിലെ ഒരു പ്രസിദ്ധ വിദ്യാലയത്തിന്റെ പ്രധാന ഭാരവാഹിയും ദൈവവചനത്തെ സംബന്ധിച്ച് തീക്ഷ്ണതയും വൈരാഗ്യവും ഉള്ളവനുമായിരുന്നു. അദ്ദേഹം ഇവിടെ എത്തി മാർ തോമ്മാശ്ലീഹായുടെ പ്രസംഗഫലമായി മതപരിവർത്തനം ചെയ്തിരുന്നവരും തോമസ് അപ്പോസ്തോലനിൽ നിന്ന് എബ്രായഭാഷയിലുള്ള (അറാമിക്-സുറിയാനി) വി. മത്തായിയുടെ സുവിശേഷം ലഭിച്ചിരുന്നവരുമായ ഒരുകൂട്ടം ആളുകളെ കണ്ടതായും അവർക്കുവേണ്ട വേദോപദേശങ്ങൾ നൽകി ഇവിടുത്തെ ക്രൈസ്തവ സഭയുടെ വിശ്വാസം ദൃഢപ്പെടുത്തിയതായും ചരിത്രം സാക്ഷിക്കുന്നു.

**മൂന്നാം നൂറ്റാണ്ട്**

മലങ്കരയിലെ ക്രൈസ്തവസഭയുടെ അസ്ഥിത്വത്തെ സംബന്ധിച്ച് മൂന്നാം നൂറ്റാണ്ടിലെ പ്രധാന തെളിവ് കൊടുങ്ങല്ലൂരിലെയും കൊല്ലത്തെയും ക്രിസ്ത്യാനികൾക്ക് ആ കാലഘട്ടത്തിൽ ഭരണം നടത്തിയിരുന്ന രാജാക്കൻമാർ നൽകിയ രണ്ട് ചെമ്പുതകിടുകളാണ്.

(1) ഇവയിൽ ഒന്നാമത്തേത് കൊടുങ്ങല്ലൂരിലെ ക്രിസ്ത്യാനികൾ പ്രധാനമായും വസിച്ചിരുന്ന മഹാദേവൻ പട്ടണത്തിലെ ഇരവികോർത്തൻ എന്ന ക്രിസ്ത്യാനിക്ക് ശ്രീ വീരരാഘവ ചക്രവർത്തി സമ്മാനിച്ച ചെപ്പേട് (ചെമ്പു തകിട്) ആണ്. ഇത് ശുദ്ധദ്രാവിഡ അക്ഷരങ്ങൾ കലർന്ന് പ്രാചീന തമിഴ് ഭാഷയിൽ എഴുതപ്പെട്ടിരിക്കുന്നു. ഇതനുസരിച്ച് ഇരവികോർത്തൻ 'ചേരമാൻ ലോകപെരുഞ്ചെട്ടി' എന്ന സ്ഥാനവും 'മണിഗ്രാമപട്ടണവും' നൽകുകയും തരങ്കും ചുങ്കവും വിട്ടുകൊടുക്കുകയും ചില പ്രത്യേകതൊഴിൽകാരെ ക്രിസ്ത്യാനികൾക്ക് അവകാശപ്പെടുത്തുകയും മറ്റുപല സാമൂഹ്യപദവികൾ അനുവദിക്കയും ചെയ്തു.

(2) രണ്ടാമത്തെ ശാസനം 4 തകിടുകളിലായി (7 പുറങ്ങളിലായി) സ്ഥാണുരവിഗുപ്ത രാജാവിന്റെ ആജ്ഞാനുസരണം അയ്യൻ അഡിഗാൽ എന്ന ആൾ കൊല്ലത്ത് (കരക്കേണി കൊല്ലം) ഈശോദത്തവീരൻ എന്ന ആൾ സ്ഥാപിച്ച പള്ളിക്കും ഇടവകക്കാർ നൽകിയതാണ്. ഇതനുസരിച്ച് പള്ളിക്കും ഇടവകക്കാർക്കായി ഒരു ദേശം കരം ഒഴിവായി സർവ്വാധികാരത്തോടെ നൽകുകയും ചില സാമൂഹ്യപദവികളും കൂടാതെ ഏതാനും പുറജാതി കുടുംബങ്ങളുടെമേലുള്ള അവകാശവും കൊടുത്തിട്ടുണ്ട്. ഈ ശാസനം എഴുതിയിരിക്കുന്നത് പ്രധാനമായും തമിഴ്, മലയാളം ലിപികളിൽ ആണെങ്കിലും രണ്ടു പുറങ്ങൾ പാലവി, അറബി ഭാഷകളിലാണ്.

ഇതിൽ ഒന്നാം ശാസനം എ.ഡി. 230 ൽ എഴുതപ്പെട്ടതാണെന്ന് ജ്യോതിശാസ്ത്രപരമായി തെളിയിക്കപ്പെട്ടിട്ടുണ്ട്.

ഇതിൽ നിന്നെല്ലാം നാം മനസ്സിലാക്കുന്നത് മൂന്നാം ശതകത്തിന്റെ ആദ്യദശകങ്ങളിൽതന്നെ കേരളത്തിൽ അഭിവൃദ്ധിയും സ്വാധീനശക്തിയുമുള്ള ഒരു ക്രൈസ്തവ സമൂഹം ഉണ്ടായിരുന്നെങ്കിൽ അതിന്റെ ഉത്ഭവം അതിനു വളരെ മുൻപെതന്നെ ആയിരുന്നിരിക്കണം എന്നാണ്.

ഏതായാലും റോമാ സാമ്രാജ്യത്തിൽ ചക്രവർത്തിമാരും ഭരണകർത്താക്കളും ക്രിസ്ത്യാനികളെ പീഡിപ്പിക്കയും കൊന്നൊടുക്കുകയും ചെയ്തിരുന്ന കാലഘട്ടത്തിൽ കേരളത്തിലെ ഹൈന്ദവഭരണാധികാരികൾ ക്രൈസ്തവരെ ബഹുമാനിക്കയും ആദരിക്കയും ചെയ്തിരുന്നു എന്നത് സത്യമായി അവശേഷിക്കുന്നു.

എന്നാൽ ഈ കാലഘട്ടത്തിൽ മലങ്കരസഭയിൽ മെത്രാന്മാർ ഉണ്ടായിരുന്നതായി തെളിവുകൾ ഇല്ല. പിന്നീട് എഴുതപ്പെട്ട എല്ലാ ചരിത്രരേഖകളിലും പറയുന്നത് എ.ഡി. 345 ലെ സിറിയൻ കുടിയേറ്റം വരെ മലങ്കരയിൽ തോമ്മാശ്ലീഹായാൽ സ്നാനം ഏൽക്കപ്പെട്ട ബ്രാഹ്മണതറവാടുകളിൽ നിന്നുള്ള (പ്രത്യേകിച്ച് പകലോമറ്റം ശങ്കരപുരി) കശീശ്ശന്മാർ കുറെകാലത്തേയ്ക്ക് ഉണ്ടായിരുന്നിരിക്കാമെങ്കിലും വളരെ കാലത്തേക്ക് മലങ്കര ക്രിസ്ത്യാനികൾ മേലധികാരിയും ഇടയനും ഇല്ലാതെ ശേഷിച്ചും ശോഷിച്ചും ഇരുന്നു എന്നാണ്.

മാർ തോമ്മാശ്ലീഹാ കേരളത്തിൽ ക്രിസ്തുമതം സ്ഥാപിച്ചു എങ്കിലും ശ്ലീഹായുടെ കാലശേഷം കുറെ കാലത്തേക്കെങ്കിലും സഭയുടെ ജീവനായ പൗരോഹിത്യത്തിന് സ്ഥാനമില്ലായിരുന്നു എന്നാണ് സഭാ ചരിത്രകാരന്മാരിൽ ബഹുഭൂരിപക്ഷവും രേഖപ്പെടുത്തിയിരിക്കുന്നത്.

പൗരോഹിത്യമുള്ള ഒരു സഭയുടെ ആവിർഭാവം ഉണ്ടായത് അന്ത്യോഖ്യാ സിംഹാസനത്തിലെ പരി.ഒസ്ത്താത്തിയോസ് പാത്രിയർക്കീസ് ബാവായുടെ അനുവാദവും ആശീർവാദവും വാങ്ങിച്ച് ക്നാനായിതോമ്മായുടെയും ഉറഹായിലെ മാർ യൗസേപ്പ് മെത്രാന്റെയും നേതൃത്വത്തിൽ എ.ഡി. 345 ൽ ഉണ്ടായ സിറിയൻ കുടിയേറ്റം മുതൽ മാത്രമാണെന്നുള്ളത് നിസ്സംശയം ആണ്.

# വയോധികരുടെ വ്യഥകൾ

റ്റി.എം. തോമസ് കൊച്ചുപുരയ്ക്കൽ, തുണ്ടിയിൽ

കേരളത്തിൽ ഇന്നു വളരെ പ്രസക്തമായ ഒരു വിഷയമാണു വയോധികരുടെ വ്യഥകൾ. സാമാന്യജനങ്ങൾ ഈ വിഷയത്തിൽ അധികം ബോധവാന്മാരല്ല എന്നത് ഒരു സത്യമാണ്. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ നിയന്ത്രണത്തിൽ നടത്തുന്ന വൃദ്ധ ഭവനങ്ങളുടെ നടത്തിപ്പുകാർക്കും സർക്കാരിന്റെ സോഷ്യൽ ജസ്റ്റീസ് ഡിപ്പാർട്ടുമെന്റിനും മാത്രമേ ഇവരുടെ പ്രശ്നങ്ങൾ കുറെയെങ്കിലും മനസ്സിലാക്കാൻ കഴിയുന്നുള്ളൂ. സർക്കാരിന്റെ അംഗീകാരത്തോടുകൂടി സംസ്ഥാനത്തു പ്രവർത്തിക്കുന്ന 85 ൽ പരം സൗജന്യവൃദ്ധഭവനങ്ങളിൽ തന്നെ 3700 ൽപരം അന്തേവാസികളുണ്ട്. അംഗീകാരമില്ലാത്ത ഭവനങ്ങളുടെയും പെയ്ഡായിട്ടുള്ള ഭവനങ്ങളുടെയും കണക്കുകൾ ലഭ്യമല്ല. വൃദ്ധഭവനങ്ങളിൽ താമസിക്കുന്നവരുടെ എണ്ണത്തേക്കാൾ എത്രയോ കൂടുതലാണു മാനസികരോഗികളുടെയും അംഗവൈകല്യമുള്ളവരുടെയും മാനസിക വൈകല്യമുള്ളവരുടേയും സംഖ്യകൾ. വിവിധ വിഭാഗങ്ങളിലായി ഓർഫനേജ് കൺട്രോൾ ബോർഡിന്റെ നിയന്ത്രണത്തിൽ സർക്കാരിന്റെ അംഗീകാരത്തോടുകൂടി 1500–ൽ പരം ഭവനങ്ങളിലായി പതിമൂവായിരത്തോളം അന്തേവാസികൾ താമസിക്കുന്നു. ഇതിനുപുറമെ അംഗീകാരത്തിനു അപേക്ഷ സമർപ്പിച്ചിട്ടുള്ള ഭവനങ്ങളുടെ സംഖ്യ ലിസ്റ്റിലേക്കു വന്നിട്ടില്ല.

ഓരോ വയോധികരേയും അടുത്തറിയുമ്പോൾ അവിശ്വനീയമായ ദാരുണ കഥകൾ ആണു കേൾക്കുന്നത്. സാമാന്യ ജനത്തിന്റെ ധാരണ വൃദ്ധഭവനങ്ങളിൽ താമസിക്കുന്നവർ ബന്ധുമിത്രാദികൾ ഇല്ലാത്തവരോ കുടുംബാംഗങ്ങൾ മരിച്ചുപോയവരെന്നോ ഒക്കെയാണ്. എന്നാൽ പലരും ഭാര്യയും മക്കളും ബന്ധുമിത്രാദികളും ഉള്ളവരാണ്. മാനസിക വിഭ്രാന്തിയുള്ളവരെ മാനസികാരോഗ്യകേന്ദ്രങ്ങളിൽ ആക്കുന്നതു മനസ്സിലാക്കാം. എന്നാൽ അങ്ങനെ കുഴപ്പങ്ങൾ ഒന്നുമില്ലാത്ത പലരുമാണ് ആരും തുണയില്ലാത്ത അവസ്ഥയിൽ നാട്ടുകാരുടെയോ സാമൂഹ്യപ്രവർത്തകരുടെയോ ഇടപെടൽമൂലം വൃദ്ധഭവനങ്ങളിൽ എത്തിയിരിക്കുന്നത്. വേണ്ടപ്പെട്ടവരുടെ പരിചരണമോ സംരക്ഷണമോ കിട്ടാതെ വരുന്ന സാഹചര്യത്തിൽ ഭവനത്തിൽ നിന്നും ഇറങ്ങി കടതിണ്ണകളിലും മറ്റു പൊതുസ്ഥലങ്ങളിലും അഭയം തേടി എത്തുന്നവരാണു പോലീസിന്റെയോ ദേശവാസികളുടെയോ സഹായത്താൽ ഇവിടെയൊക്കെ എത്തിപ്പെടുന്നത്.

സമ്പന്നരായ മക്കളും സഹോദരങ്ങളുമൊക്കെ ഉള്ള പല വയോധികരും ഇതേപോലുള്ള പല അനാഥഭവനങ്ങളിൽ ഉണ്ട്. ഉന്നതമായ പല ക്ലാസ്സുകളും സംഘടനകളും നടത്തുന്ന ചാരിറ്റി പ്രവർത്തനത്തിന്റെ ഭാഗമായി അതിലെ അംഗങ്ങൾ ഇതേപോലെയുള്ള ഭവനങ്ങൾ സന്ദർശിക്കുമ്പോൾ തന്റെ വളരെ അടുത്ത ബന്ധുമിത്രാദികൾ ആ ഭവനത്തിലെ അന്തേവാസിയാണെന്നറിഞ്ഞ് വെട്ടപ്പെടാതെ മാറിനിന്നിട്ടുള്ള അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവർ സന്ദർശനം കഴിഞ്ഞു മടങ്ങുമ്പോൾ അന്തേവാസികൾ വെളിപ്പെടുത്തിയിട്ടുള്ള സത്യങ്ങളാണ് ഇവയൊക്കെ. ഭവനങ്ങളിലുള്ള ഓരോ മാതാവിന്റെയും പിതാവിന്റെയും പിന്നിൽ അവിശ്വസനീയമായ ഓരോ കഥകൾ ഉണ്ട്. ഇങ്ങനെയൊക്കെ ആണെങ്കിലും ഈ ഉപേക്ഷിക്കപ്പെട്ട മാതാപിതാക്കളുടെ ഉള്ളിൽ മക്കളോടുള്ള സ്നേഹം നമ്മെ അത്ഭുതപ്പെടുത്തുന്നതോ മനസ്സിലാകാത്തതോ ആണ്. കാരണം മക്കളുടെ അടുത്തേക്കു പോകണമെന്ന് ആഗ്രഹം പ്രകടിപ്പിച്ച് ഞങ്ങൾകൊണ്ടുപോയിട്ടുണ്ട്. അവിടെ ചെല്ലുമ്പോൾ ഓരോരുത്തരും ഓരോ ഒഴിവുകൾ പറഞ്ഞു മടക്കി അയക്കുകയാണ്. അത്ഭുതമെന്നു പറയട്ടെ ഇങ്ങനെയുള്ള സാഹചര്യത്തിലും മക്കളോടു വെറുപ്പോ വിദ്വേഷമോ ഉള്ളതായി തോന്നിയിട്ടില്ല. അതു രക്തബന്ധത്തിന്റെ അഗോചരമായ അവസ്ഥാവിശേഷം ആയിരിക്കാം.

ഭവനങ്ങളിൽ നിന്നും തിരസ്കരിക്കപ്പെടുന്നതിന്റെ ചില മറുവശങ്ങളും അനുഭവത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഒന്നു രണ്ടു അനുഭവങ്ങൾ പങ്കിടാമെന്നു വിചാരിക്കുന്നു. വാർദ്ധക്യത്തിന്റെ ക്ഷീണാവസ്ഥയിൽ അന്ത്യത്തിലേക്കു അടുക്കുകയാണോ എന്നു തോന്നിയതിനാൽ മക്കളുടെ വിലാസം വാങ്ങി വീട്ടിൽചെന്ന് പിതാവിന്റെ അവസ്ഥ പറഞ്ഞപ്പോൾ കിട്ടിയ മറുപടി ചിന്തനീയമായിരുന്നു. "അച്ചനു ആരോഗ്യവും സാമ്പത്തികവുമൊക്കെ ഉണ്ടായിരുന്നപ്പോൾ ഞങ്ങളെ വേണ്ടാതെ ഞങ്ങളെ ഇട്ടിട്ടു അച്ചൻ തോന്നിയ വഴിയിൽ പോയി. അങ്ങനെയുള്ള അച്ചനെ ഇനിയും ഞങ്ങൾക്കെന്തിനാ" ഈ വിധത്തിൽ പ്രതികരിച്ചവരിൽ മരണശേഷംമൃതദേഹം ഏറ്റുവാങ്ങിയവരും വാങ്ങാത്തവരുമുണ്ട്. ഉത്തരം കിട്ടാത്ത പ്രഹേളിക എന്നല്ലാതെ എന്താണു പറയുക.

സ്വന്തഭവനങ്ങളിൽ വേണ്ടപ്പെട്ടവരുടെ സംരക്ഷണത്തിൽ കഴിയുന്ന പലരും വൃദ്ധഭവനങ്ങളിലേക്കു വരുവാൻ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. എന്നാൽ അതു മക്കളുടെ അഭിമാനത്തെ ബാധിക്കാമെന്ന കാരണത്താൽ നാമമാത്രമായ സംരക്ഷണത്തിൽ സ്വന്തഭവനത്തിൽ കഴിയാൻ നിർബന്ധിതരാകുന്ന അനേകരുണ്ട്. സൗജന്യ ഭവനങ്ങളിൽ ആയാലും പെയ്ഡായിട്ടുള്ള ഭവനമായാലും അന്തേവാസികൾക്കും മാനസികമായും, ശാരീരികമായും, സാമൂഹ്യമായും കൂടുതൽ സംരക്ഷണം ലഭിക്കുന്നതു വൃദ്ധഭവനങ്ങളിൽ തന്നെയാണ് എന്നുള്ള സാക്ഷ്യം അന്തേവാസികളുടേതു തന്നെയാണ്.

എന്തുതന്നെ ആയാലും വൃദ്ധഭവനങ്ങളിൽ സ്ഥലം പോരാത്തവണ്ണം അഭയാർത്ഥികളുടെ എണ്ണം പെരുകുകയാണ്. അതേ സമയം കുട്ടികൾക്കായുള്ള ഭവനങ്ങളിൽ ഗണ്യമായ രീതിയിൽ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അനാഥാലയങ്ങളുടെ സമ്മേളനങ്ങളിലൊക്കെ ഗവൺമെന്റുതലത്തിൽ ആവശ്യപ്പെടുന്നത് കാലിയായിക്കൊണ്ടിരിക്കുന്ന ബാലഭവനങ്ങളൊക്കെ ഇന്നത്തെ സാഹചര്യവും ആവശ്യവും മനസ്സിലാക്കി വൃദ്ധഭവനങ്ങളാക്കി രൂപാന്തരപ്പെടുത്തുവാനാണ്.

# കയ്പ്പിനെ മധുരമാക്കാം

സി.ഐ. ചാക്കോ, വലിയപാറയിലായ കൊച്ചുപറമ്പിൽ, നീലംപേരൂർ

അനർത്ഥങ്ങൾ അപ്രതീക്ഷിതമായാണ് കടന്നു വരുന്നത്. മുന്നറിയിപ്പൊന്നും കൂടാതെയുള്ള അവയുടെ കടന്നാക്രമണം നമ്മെ സ്തബ്ദരാകും. എന്നാൽ ചുരുക്കം ചിലർ സമനില തെറ്റാതെ വസ്തു നിഷ്ഠമായി സാഹചര്യങ്ങളെ വിലയിരുത്താനും ക്രിയാത്മകമായി പ്രതികരിക്കാനും പ്രാപ്തി വെളിപ്പെടുത്തുന്നു. അങ്ങനെയുള്ള ഒരു ആളിനെപ്പറ്റി വായിക്കാനിടയായി. നിരാശയുടെ നിമിഷങ്ങളെ പ്രത്യാശയുടെ അവസരങ്ങളാക്കി മാറ്റിയ വ്യക്തിയാണ്.

ഒരു അന്തർ ദേശീയ കമ്പനിയുടെ ഇന്ത്യയിലെ വൈസ് പ്രസിഡന്റായി പ്രവർത്തിച്ചുവരവെ, ആ ജോലി പെട്ടന്നു നഷ്ടമായി. മൂത്ത മകളുടെ വിവാഹം നടത്തിയതോടെ സമ്പാദ്യത്തിന്റെ ഗണ്യമായ ഭാഗവും ചെലവായി. ഗൾഫ് രാജ്യത്തെ ഒരു വലിയ കമ്പനിയിൽ ജോലി തരപ്പെടുത്തി പോകാൻ ഒരാഴ്ച മാത്രമുള്ളപ്പോൾ മെഡിക്കൽ പരിശോധനയ്ക്ക് വിധേയനായി. ശ്വാസകോശത്തിന് എന്തോ പ്രശ്നമുള്ളതായി പ്രഥമ പരിശോധനയിൽ കണ്ടെത്തി. കൂടുതൽ വിശദവും വിദഗ്ധവുമായ പരിശോധനയിൽ ശ്വാസകോശത്തിന് കാൻസർ ആണെന്ന് തെളിഞ്ഞു. ഭീതിയും നിരാശയും ഉയർത്തുന്ന വാർത്ത. ഈ രോഗത്തിന്റെ പേര് കേൾക്കുന്ന മാത്രയിൽ തന്നെ പലരും ഞെട്ടിപ്പോകും. കാര്യമായ രോഗലക്ഷണങ്ങൾ ഒന്നും കൂടാതെ ആരോഗ്യത്തോടും ഭാവിയെപ്പറ്റി വലിയ പ്രതീക്ഷയോടും കഴിയുമ്പോൾ പൊടുന്നനവേ മാരകമായ ഒരു രോഗത്തിന്റെ പിടിയിലമർന്നു കഴിഞ്ഞു എന്നറിയുമ്പോൾ ഞെട്ടിപ്പോകാത്തവരായി ആരും ഉണ്ടാവില്ല.

ഗൾഫിലെ നല്ല ജോലി കയ്യെത്തുന്ന അകലത്തിൽ എത്തി നിൽക്കുമ്പോൾ ഡോക്ടർ വെളിപ്പെടുത്തിയത് കീമോ-തെറാപ്പി പ്രയോഗിച്ചു നോക്കാം അതു പരാജയപ്പെട്ടാൽ ആയുസ്സു നാലുമാസം മാത്രം എങ്കിലും ശുഭ പ്രതീക്ഷയോടെ അത് ആരംഭിക്കാം ചികിത്സ ആരംഭിച്ചു. അതിന്റെ പാർശ്വഫലങ്ങൾ പലതും അനുഭവമായിക്കൊണ്ടിരുന്നു. മാനസികവും ശാരീരികവുമായി അസ്വാസ്ഥ്യം അലട്ടുന്ന ആ ദു:സ്ഥിതിയിൽ അദ്ദേഹം പ്രത്യാശയുടെ രശ്മികൾ കണ്ടെത്തുവാൻ ശ്രമിച്ചു. നിഷേധാത്മക ചിന്തക്കടിപ്പെടാതെ "പോസിറ്റീവ്" ആയി ചിന്തിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. രോഗത്തിന്റെ പ്രതിസന്ധി നാലു നന്മകൾ വരുത്താൻ കാരണമായി എന്ന് അദ്ദേഹം തന്റെ ആത്മകഥയിൽ സാക്ഷ്യപ്പെടുത്തുന്നു.

1) പുകവലിയോടു വിടപറയുവാൻ കഴിഞ്ഞു. ഭവനത്തിലെ വായുതന്നെ സിഗറട്ടു പുകയുടെ ഗന്ധം വഹിക്കുന്നവയായിരുന്നു. ശരാശരി ഒരു ദിവസം 35 സിഗരറ്റ് വലിച്ചു. ഏതാണ്ട് മുപ്പത്തഞ്ചു വർഷത്തോളം അത് നീണ്ടുനിന്നു. 5 ലക്ഷം സിഗററ്റുകൾ പുകച്ചിട്ടുണ്ടാകും. ഈ ദുശ്ശീലം പലപ്പോഴും നിറുത്താൻ ശ്രമിച്ചിട്ടുള്ളതാണ്. പക്ഷേ കഴിഞ്ഞില്ല. എന്നാൽ അത് പൂർണ്ണമായി നിറുത്തുവാൻ കഴിഞ്ഞു കുടുംബാഗംങ്ങൾക്ക് അത് ആശ്വാസവും സന്തോഷവുമായി.

2) ഉത്തമ സുഹൃത്തുക്കളെ തിരിച്ചറിയാൻ കഴിഞ്ഞു. നമ്മുടെ പ്രയാസങ്ങളിലും പ്രതിസന്ധികളിലും ഉത്തമ സുഹൃത്തുക്കൾ ആരെന്ന് അറിയാൻ സാധിക്കും. നമ്മുടെ ആവശ്യങ്ങൾക്ക് എത്തുന്നയാളാണ് യഥാർത്ഥ സ്നേഹിതൻ, കാൻസർ ബാധിച്ചു എന്ന വാർത്ത അറിഞ്ഞപ്പോൾ ആത്മാർത്ഥ സുഹൃത്തുക്കൾ സന്ദർശനം കൊണ്ടും ആശ്വാസ വാക്കുകൾ കൊണ്ടും കത്തുകളിൽകൂടിയും എല്ലാം അവരുടെ സ്നേഹവും ഉത്കണ്ഠയും സഹതാപവും പ്രകടമാക്കി. അത് അയാളുടെ മനസ്സിനെ ഏറെ സന്തോഷിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്തു. ഇന്റർനെറ്റിൽക്കൂടിയും ബന്ധപ്പെടുവാൻ ചിലർ ശ്രമിച്ചു. ഈ വിഷയത്തെക്കുറിച്ചു ലഭ്യമായ പുസ്തകങ്ങൾ ചിലർ എത്തിച്ചു കൊടുത്തു. ഇതൊക്കെ ആയപ്പോൾ ഈ രോഗത്തെ ചെറുത്തു തോല്പിക്കാമെന്നുള്ള ആത്മവിശ്വാസം ഉണ്ടായതായി സാക്ഷ്യപ്പെടുത്തുന്നു.

3). ജോലിത്തിരക്കിൽനിന്നുള്ള മോചനം ഔദ്യോഗിക ജീവിതാവസരത്തിൽ, ഒന്നിനും സമയം ലഭിക്കാത്ത അവസ്ഥയായിരുന്നു കുടുംബാംഗങ്ങളുമായി സന്തോഷപൂർവ്വം സമയം ചെലവിടാൻ കഴിഞ്ഞിരുന്നില്ല. ഓഫീസിൽ തീരാത്ത ജോലി വീട്ടിൽ വച്ച് പൂർത്തിയാക്കും, ഔദ്യോഗിക കൃത്യനിർവഹണം ഒരു ഭ്രാന്ത് ആയിരുന്നു. അസ്വസ്ഥമായ മനസ്സും തളർന്ന ശരീരവുമായാണ് ദിവസങ്ങൾ കഴിച്ചത്. എന്നാൽ ജോലി പോയി, രോഗം ബാധിക്കയും ചെയ്തപ്പോൾ വിശ്രമത്തിനും അവസരം ലഭിച്ചു. അത് രോഗാവസ്ഥയിൽ ഏറെ സഹായകമായി.

4). ആത്മീയതയിലേക്ക് തിരിയുവാനായിപ്പോയി, ഭൗതിക ചിന്തയിൽ മനസ്സു മുഴികിക്കഴിഞ്ഞ അവസ്ഥിൽ മാറ്റമുണ്ടായി. ആത്മീയ ചിന്തയിലേക്ക് തിരിയുവാൻ കഴിഞ്ഞപ്പോൾ ധ്യാനത്തിൽ ആനന്ദവും ആശ്വാസവും കണ്ടെത്തി. പ്രകൃതിയിലെ മനോഹരദൃശ്യങ്ങൾ ഹൃദയത്തെ ആകർഷിച്ചു. പക്ഷികളുടെ കളകൂജനവും പാറിപ്പറക്കുന്ന പൂമ്പാറ്റകളും മഞ്ഞുകണങ്ങളണിഞ്ഞ പുൽത്തകിടികളും എല്ലാം ശ്രദ്ധയിൽ വന്നു, അവയൊന്നും കേൾക്കാനൊ കാണാനൊ കഴിയാതിരുന്ന അയാൾക്ക് പ്രകൃതിതന്നെ ഉന്മേഷപ്രദമായി അനുഭവപ്പെട്ടു.

മനസ്സിന്റെ ശാന്തിയും ഹൃദയത്തിന്റെ പ്രസന്നതയും രോഗത്തെ ചെറുത്തു നിൽക്കുവാൻ സഹായിക്കുന്ന പ്രധാന ഘടകങ്ങളാണ്. ഏതു രോഗവും ജീവിതത്തിൽ ആകുലതയും ആകാംക്ഷയും ഉളവാക്കാം. എന്നാൽ മങ്ങാത്ത പ്രത്യാശയും സർഗാത്മ ചിന്തകളും അവയെ അതിജീവിക്കാൻ നമ്മെ സഹായിക്കും.

# GREEN PROTOCOL

NEETHU ANOOP, KANJIRAPPALLIL

KERALA The Gods Own Country gifted by its natural beauty with lots of rivers mountains etc. Keralaites were the proudest people among all the Indians,But during the month of August 2018 Kerala had witnessed the biggest natural calamity in a century,almost 14 districts of Kerala was adversely affected by the flood. Most of the people had lost every thing they had. Now the glorious Kerala is a sorry figure in front of other states in India. The modern scientific system the politicians nobody were able to control the mother nature.

Nature has given us everything that we need for a better life,but we have destroyed everything .Most of the paddy fields were converted to garden land ,trees were cut down indiscriminately for making new roads. Now the time has come for us to rethink what we have done to the mother nature and what we can do to protect our nature. There are a lots of measures and one among them is GREEN PROTOCOL.

During the period of flood in Kerala we have seen a lot of plastic wastes accumulated in different places. This has become the biggest menace after the flood .There was no way to dispose of these waste ,Waste management has become a big problem in our state. Increasing population is not only the reason .If one analyse it critically ,it boils down to what we called DISPOSABLES.

Disposables means use and throw products which we are using in our daily life.The use of disposables has increased drastically in the past ten to fifteen years . People use these disposables for convenience. The attitude of people is that using and throwing is more convenient than cleaning and maintaining. Using these types of disposables like mineral water bottles ,straws, disposable plates, cups, styrofoam plates and cups may be very much convenient for us but it is a dis convenience for our environment and health. It is this culture of convenience that has led to the inconvenient truth of climate change and environment degradation. These types of waste are drastically increasing and they are mixed with other waste and disposed off and it will become very difficult to separate these waste to degradables and non degradables.

GREEN PROTOCOL was first tried during the National Games conducted at New Delhi in2015.GREEN PROTOCOL is a set of measures which when implemented results in significant reduction in waste generation .The main agenda in this mission is to reduce the use of disposables and increase the use of reusable or biodegradable alternatives like glass,porcelain .stainless steel,palm leaf plates and cups etc .If we are doing like this waste management will become an easy task. Now a days many people are aware about GREEN PROTOCOL and had being followed in wedding ceremonies ,religious functions ,social gatherings etc,and this indicates that common man has owed this and is slowly becoming a mass movement in our state.

For example Kerala Raj Bhavan goes completely echo friendly."GO GREEN" is the mantra of Kerala Raj Bhavan. They have started organic vegetable garden ,medicinal plant garden and GREEN PROTOCOL in their campus .Use of plastic bottles,cups and bottled water are completely banned in the campus and in turn they are using boiled water served in steel tumblers for everyday use and functions hosted in the campus,they are also recycling their kitchen waste in their campus itself and convert it into biomanure and use in the campus itself .This is a good example shown by our government and that can be followed by the people of Kerala .This initiative by Kerala Raj Bhavan had a ripple effect and the Ministry Of Railway also started GREEN PROTOCOL on a pilot basis in some of our Railway Stations.

The mission is very confident that this is one among many initiatives that has the potential to change the face of waste management in our state,By GREEN PROTOCOL waste generation can be reduced there by making waste management an easy task, more than that implementing GREEN PROTOCOL can save money as well as resource and it has emerged as most efficient and sustainable models in waste management .We also can try this during our festivals and social gathering ( Think how much disposables are accumulated after a function)By trying this we can save our environment and our natural resources .This mission can be made successful only with the cooperation of the people.

God has given everything in this beautiful world for the use of human being,but those things are not only for us it is also for the generations to come. It is our duty to protect these natural resources which we are using now and hand over the same safely to the next generations. Without the support of mother nature nobody can exist in this world. The world is ours and it is our duty to save the world and there by saving ourselves.

1 Try to avoid disposables like straw, disposable cups and plates .

2 Try to avoid the use of banned plastic materials.

3 Try to carry an eco friendly carry bag whenever going to the market.

**"TOGETHER WE CAN DO EVERY THING"**

# വിവാഹിതരായി



ചിങ്ങവനം സെന്റ് ജോൺസ് ദയറാപ്പള്ളി ഇടവകയിൽപ്പെട്ട കാഞ്ഞിരപ്പള്ളിൽ കെ. സി. ചാക്കോയുടേയും മറിയാമ്മ ചാക്കോയുടേയും മകൻ **ഷോബിൻ ചാക്കോയും** ഫിലാഡൽഫിയ സെന്റ് മേരീസ് പള്ളി ഇടവകയിൽപ്പെട്ട തുണ്ടിയിൽ ബാബു പുന്നൂസിന്റെയും ലിനു ബാബുവിന്റെയും മകൾ **ഷിന്റു മരിയ ബാബുവും** തമ്മിലുള്ള വിവാഹം 2018 ഓഗസ്റ്റ് മാസം 23–ാം തീയതി ചിങ്ങവനം സെന്റ് ജോൺസ് ദയറാപ്പള്ളിയിൽ വെച്ച് ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.



## 52–ാം വിവാഹ വാർഷികം

## കെ. സി. ചാക്കോ
## &
## മറിയാമ്മ ചാക്കോ

**കാഞ്ഞിരപ്പള്ളിൽ**
**കുഴിമറ്റം**

"ഇത്രത്തോളം നടത്തിയ വൻ കൃപക്കായി ദൈവത്തെ സ്തുതിക്കുന്നു"

*ആശംസകളോടെ,*
*മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ*

Advt - O

# വിവാഹിതരായി



കല്ലിശ്ശേരി സെന്റ് മേരീസ് ക്നാനായ വലിയപള്ളി ഇടവകയിൽ പെട്ട പാലത്തിങ്കൽ പി. ഐ. എബ്രഹാമിന്റെയും ജെസ്സി എബ്രഹാമിന്റെയും മകൻ **സെബി എബ്രഹാമും** വള്ളംകുളം സെന്റ് മേരീസ് ബേഥേൽ ചർച്ച് ഇടവകയിൽപ്പെട്ട എ. ഐ. ചാക്കോയുടേയും ഡെയ്സി ചാക്കോയുടേയും മകൾ **ഡിനു ചാക്കോയും** തമ്മിലുള്ള വിവാഹം 2018 നവംബർ 8 ന് വ്യാഴാഴ്ച്ച കല്ലിശ്ശേരി സെന്റ് മേരീസ് വലിയപള്ളിയിൽ വച്ച് അഭി. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

Advt - O



# Congratulations



പരിശുദ്ധ അന്ത്യോഖ്യ പാത്രിയർക്കീസ് ബാവയുടെ UAEയിലെ പ്രഥമ ശ്ലൈഹിക സന്ദർശനത്തിനോട് അനുബന്ധിച്ചു പരിശുദ്ധ ബാവ പ്രാർത്ഥിച്ച് അനുഗ്രഹിച്ച് വിശുദ്ധ മദ്ബഹയിലേക്ക് പ്രവേശിച്ച **Rosh Regi Zachariah** റാന്നി പുളിമൂട്ടിൽ Regi Zachariah (Sabu) യുടെയും Sheena Regiയുടെയും മകനാണ്.

Best wishes from Family Members

Advt - O

## വിവാഹിതരായി



ചിങ്ങവനം സെന്റ് ജോൺസ് പുത്തൻ പള്ളി ഇടവകയിൽ കരോട്ട് കെ. റ്റി. ജേക്കബിന്റെയും മനോജ ജേക്കബിന്റെയും മകൻ **മിത്തു ജേക്കബും** ചിങ്ങവനം സെന്റ് മേരീസ് ശാലേം പള്ളി ഇടവകയിൽ മടുക്കുംമുട്ടിൽ എം. യു. ജയിംസിന്റെയും ശോഭ ജയിംസിന്റെയും മകൾ **നീതു ജയിംസും** തമ്മിലുള്ള വിവാഹം 2018 ഒക്ടോബർ 18 –ാം തീയതി ചിങ്ങവനം സെന്റ് ജോൺസ് പുത്തൻ പള്ളിയിൽ വച്ചു നടത്തപ്പെട്ടു.

## വിവാഹിതരായി



വെളിയനാട് സെന്റ് മേരീസ് ബേദ്‌ലഹേം പള്ളി ഇടവകയിൽ കണ്ണോത്ത് കൊച്ചുപറമ്പിൽ റെജി എബ്രഹാമിന്റേയും ഷേർളി എബ്രഹാമിന്റേയും മകൾ **അഹനാ എബ്രഹാമും** വാകത്താനം സെന്റ് സൈമൺസ് പള്ളി ഇടവകയിൽ കാക്കാംപറമ്പിൽ കെ. കെ. മാത്തുക്കുട്ടിയുടെയും ലോലമ്മ മാത്യുവിന്റെയും മകൻ **റെജിൻ മാത്യുവും** തമ്മിലുള്ള വിവാഹം 2018 ഓഗസ്റ്റ് 30 –ാം തീയതി വാകത്താനം സെന്റ് സൈമൺസ് പള്ളിയിൽ അഭിവന്ദ്യ കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

## വിവാഹിതരായി



നീലംപേരൂർ സെന്റ് ജോർജ്ജ് വലിയ പള്ളി ഇടവകയിൽ കാനക്കാലിൽ പരേതനായ കെ. പി. തോമസിന്റെയും, ശോശാമ്മ തോമസിന്റെയും മകൻ **ജിബിൻ തോമസും,** ഈര സെന്റ് മേരീസ് പള്ളി ഇടവകയിൽ വെളിയത്ത് വി. പി. തങ്കച്ചന്റെയും, മിനി തങ്കച്ചന്റെയും മകൾ **ചിന്നു തങ്കച്ചനും** തമ്മിലുള്ള വിവാഹം 2018 ഒക്ടോബർ 20 –ാം തീയതി നീലംപേരൂർ സെന്റ് ജോർജ്ജ് വലിയ പള്ളിയിൽ വച്ച് Rev. Fr. Anub C. Stephen ന്റെ പ്രധാന കാർമികത്വത്തിൽ നടത്തപ്പെട്ടു.

## 8 –ാം ചരമ വാർഷികം

**12 – 12 – 2018**



## K. P. Thomas

**കാനക്കാലിൽ**
**നീലംപേരൂർ**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

# വിവാഹിതരായി



തോട്ടപ്പുഴ സെന്റ് പീറ്റേഴ്സ് ഇടവകയിൽ കുന്നുംപുറത്ത് മാത്യു കുരുവിളയുടെയും മോളിയുടെയും മകൻ **ബ്ലെസ്സെനും** ചെങ്ങളം സെന്റ് മേരീസ് സെഹിയോൻ ഇടവകയിൽ കുന്നത്തിൽ ഏബ്രഹാം തോമസ്സിന്റെയും ബിന്ദുവിന്റെയും മകൾ **റിയയും** തമ്മിലുള്ള വിവാഹം 2018 നവംബർ 5 ന് ഇരവിപേരൂർ സെന്റ് മേരീസ് പള്ളിയിൽ റവ. ഫാ. ബിനോജ് കുറിയാക്കോസിന്റെ മുഖ്യകർമ്മികത്വത്തിൽ നടത്തപ്പെട്ടു.


## 2 – ാം ചരമ വാർഷികം

20 – 12 – 2018



## സുബാഷ് ചാക്കോ

പുതിയാപറമ്പിൽ

ചിങ്ങവനം

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

Advt - R


# വിവാഹിതരായി



നീലംപേരൂർ സെന്റ് ജോർജ്ജ് ക്നാനായ വലിയപള്ളി ഇടവകയിൽ പള്ളിക്കപറമ്പിൽ ജോയ് തോമസിന്റെയും ജോജി ജോയിയുടെയും മകൾ **Hanna Molu Joy** യും ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളി ഇടവകയിൽ ചതുര തുണ്ടിയിൽ വിജോയ് ചെറിയാന്റെയും പൊന്നമ്മ വിജോയിയുടെയും മകൻ **Vibin Vijoy Cherian (U.K)** നും തമ്മിലുള്ള വിവാഹം 20 – 08 – 2018 ൽ ആർച്ച് ബിഷപ്പ് അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് വലിയമെത്രാപ്പോലീത്തയുടെ മുഖ്യ കാർമ്മികത്വത്തിൽ ചിങ്ങവനം സെന്റ് ജോൺസ് പുത്തൻ പള്ളിയിൽ വച്ച് നടത്തപ്പെട്ടു.

# വചനാമൃതം



**ഫാ. റോയി മാത്യു, കോർ എപ്പിസ്ക്കോപ്പാ മുളമൂട്ടിൽ**

**യൽദോയ്ക്കുമുമ്പുള്ള ഞായർ (23-12 2018)**

ക്രിസ്തുവിന്റെ മനുഷ്യവതാര രഹസ്യം സുവിശേഷം നമുക്ക് വെളിപ്പെടുത്തുമ്പോൾ അവന്റെ ദൈവത്വവും മനുഷ്യത്വവും സുവ്യക്തമായി പഠിപ്പിക്കുന്നുണ്ട്. തന്റെ അമാനുഷിക ജനനത്തെക്കുറിച്ച് വി. മത്തായി എഴുതുമ്പോൾ യൗസേഫിന്റെ ബന്ധത്തിൽ അബ്രഹാമിൽ ആരംഭിച്ച് ക്രിസ്തുവിനെ ഇസ്രായേലിന്റെ പ്രതീക്ഷയായ മ്ശിഹായാണെന്നു വ്യക്തമാക്കുമ്പോൾ വി. ലൂക്കോസാവട്ടെ താൻ നേരിട്ട് മറിയാമിൽ നിന്നും ജനിച്ചിരിക്കുന്നു എന്നു തോന്നു മാറ് മറിയയുടെ ബന്ധത്തിൽ ആദാംവരെയുള്ള വംശാവലി വിവരിച്ചുകൊണ്ട് ക്രിസ്തുവിനെ പുതിയ ആദാമായി ചിത്രീകരിക്കുന്നു. യുഗങ്ങളുടെ പ്രതീക്ഷയായ ക്രിസ്തുവിൽ ഒരു പുതിയ യുഗം ആരംഭിച്ചു. ആ യുഗത്തിന്റെ സന്താനങ്ങളാണ് നാം എല്ലാവരും. യോഹന്നാൻ യാതൊരു മനുഷ്യബന്ധവും ചൂണ്ടികാണിക്കാതെ ദൈവീക ബന്ധത്തിൽ യേശു ദൈവ പുത്രൻ എന്ന് തെളിയിച്ചിരിക്കുന്നു. ആദിയിൽ വചനം ഉണ്ടായിരുന്നു. ആ വചനം ജഡമായിതീർന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സായി കണ്ടു എന്ന് സാക്ഷിക്കുന്നു.

വി. മത്തായി നൽകുന്ന വംശാവലിയിൽ പ്രതിപാദിച്ചിരുന്ന അഞ്ചു സ്ത്രീകളിൽ കർത്താവിന്റെ അമ്മ മറിയം സർവ്വഥ ആദരീണയയാണ്. മറ്റ് സ്ത്രീകൾ പാപക്കറകളാൽ വിശുദ്ധി നഷ്ടപ്പെട്ടവരും വിജാതിയരും ആകുന്നു.

**1) താമാർ** അവളുടെ ഭർത്താവായ ഏർ മരിച്ചു പോയപ്പോൾ സഹോദരന്മാരെകൊണ്ട് വിവാഹം കഴിപ്പിക്കുന്നതിന് ഓനാൻ വിസമ്മതിച്ചു. തന്റെ അമ്മായിയപ്പനായ യഹൂദയെ കബളിപ്പിച്ച് അവനിൽനിന്നും പേരസ്സിനെ പ്രസവിച്ചു.

**2) രാഹാബ്** എന്ന വേശ്യ അത്യുന്നതനായ ദൈവത്തിന്റെ ഭൃത്യന്മാർക്ക് അഭയം നൽകിയതിനാൽ രാഹാബിനേയും കുടുംബത്തേയും യോശുവ രക്ഷിച്ചു. രക്ഷപ്പെട്ടതിനുശേഷം ഒരു എബ്രായനെ വിവാഹം ചെയ്തു. ബോവാസിനെ ജനിപ്പിച്ചു.

**3.പുറജാതിക്കാരി രൂത്ത് -** വിധവയായിതീർന്നശേഷം തന്റെ അമ്മായി അമ്മയെ ശുശ്രൂഷിച്ച് ബേത്‌ലഹേമിൽ ചെന്നു ബോവാസിന്റെ ഭാര്യാപദം അലങ്കരിച്ചു.

4) **ബേത്ത്ശേബാ-** ഭർത്താവ് ജീവിച്ചിരിക്കുമ്പോൾ തന്റെ വ്യഭിചാരത്താൽ ദാവീദിൽനിന്നും ഗർഭം ധരിക്കുകയും അതു നിമിത്തം ഭർത്താവ് കൊല്ലപ്പെടുകയും ചെയ്ത സ്ത്രീയാണ്.

നമ്മുടെ കർത്താവ് പാപികളെ സ്നേഹിക്കുകയും പാപത്തെ വെറുക്കുകയും ചെയ്യുന്നവനും, സ്ത്രീ പുരുഷ ഭേദമെന്യേ സർവ്വജനതകളുടെയും രക്ഷിതാവായ മ്ശിഹായാണെന്നും യേശുക്രിസ്തുവിന്റെ വംശാവലി വ്യക്തമാകുന്നു. ഏതു ഭയങ്കര പാപിക്കും ക്ഷമ നൽകി പുത്രീപുത്രന്മാരാക്കുന്നു. കർത്താവിന്റെ തൃപ്പാദത്തിൽ നമുക്ക് സമർപ്പിക്കാം.

**യൽദോ (ക്രിസ്തുമസ്സ്)**

മ്ശിഹാ ഭൂജാതനായി. പരക്കെ സന്തോഷമായിരിക്കുന്നു പ്രപഞ്ചത്തിനാകമാനം എന്തോ ഒരു വ്യതിയാനം സംഭവിച്ചിരിക്കുന്നു. സംഭവം എന്താണെന്ന് ആരും പറയാതെ എങ്ങനെ അറിയും. ഈ വാർത്ത ആദ്യമായി ലോകത്തോടു പ്രഖ്യാപിക്കുന്നത് ദൂതന്മാരാണ്. കേൾക്കുന്നവർ ആട്ടിടയരും. ലോകത്തിന്റെ രക്ഷകനായ മ്ശിഹായേക്കുറിച്ച് ആദ്യം കേൾക്കുവാൻ ആട്ടിടയന്മാർക്ക് ഭാഗ്യം ലഭിച്ചു. ഹെരോദാ രാജാക്കന്മാർ ഉറങ്ങി കിടക്കുമ്പോൾ, വിദ്യാസമ്പന്നരും, രാഷ്ട്രത്തലവന്മാരും ഉറങ്ങി കിടക്കുമ്പോൾ, മതപണ്ഡിതന്മാരും, ശാസ്ത്രിമാരും പരീശന്മാരും ഉറങ്ങിക്കിടക്കുമ്പോൾ, ആ രാത്രിയുടെ ഏകാന്തതയിൽ സ്വർഗ്ഗീയ ദൂതന്മാരുടെ ശബ്ദം കേൾക്കുവാൻ ആട്ടിടയന്മാർക്ക് ഭാഗ്യം ലഭിച്ചു. രാപ്പകലെന്നില്ലാതെ ജീവിതാദ്ധ്വാനത്തിലേർപ്പെട്ടിരിക്കുന്ന, ജീവിതമേ ഒരു പഴഞ്ചൻ എന്നും സ്വയം വിധിയെഴുതിത്തള്ളി ജീവിത നൈരാശ്യത്തിൽ കുടുങ്ങിയ ഇടയന്മാർ തങ്ങളുടെ ജീവിതത്തിലെ അസ്വസ്ഥതകളുടെ നടുവിൽ കേട്ടതോ സ്വസ്ഥതയുടെ ശബ്ദം ആയിരുന്നു. അവരുടെ ദുഃഖങ്ങളുടെ നടുവിൽ ആശ്വാസത്തിന്റെ ശബ്ദം അവർ കേട്ടു. ഇതാണ് ദൈവശബ്ദത്തിനുള്ള പ്രത്യേകത.

ഈ ആട്ടിടന്മാർക്ക് ഒരു വെളിപ്പാടും ഒരു ദർശനവും ലഭിച്ചു. ഈ നൂറ്റാണ്ടിൽ നമുക്കും ഇവ രണ്ടും ലഭിച്ചിരുന്നുവെങ്കിൽ കൊള്ളാമായിരുന്നു. സർവ്വ ജനത്തിനും ഉണ്ടാകുവാനുള്ള മഹാ സന്തോഷം ഇതായിരുന്നു. ആ കാലത്ത് യഹൂദന്മാർ പ്രതീക്ഷിച്ചിരുന്നത് ദൈവത്തിന്റെ രക്ഷ യഹൂദന്മാർക്ക് മാത്രം എന്നാണ്. എന്നാൽ അതിനേക്കാൾ ശ്രേഷ്ഠമായ ഒരു വെളിപാട് ആട്ടിടയന്മാർക്ക് ലഭിച്ചു. അമിതമായ മതഭക്തിയും സംഘടനാ സ്പിരിറ്റും വർദ്ധിച്ചതോടെ ഈ കാലഘട്ടത്തിൽ അനേകർക്ക് ഈ വെളിപാട് നഷ്ടപ്പെട്ടുപോയിരിക്കുന്നു. ഞങ്ങൾ മാത്രമേ സ്വർഗ്ഗത്തിൽ പോവുകയുള്ളൂ. എന്റെ ഉപദേശം മാത്രമാണ് ശരി ഇതാണ് വെളിപാട് നഷ്ടപ്പെട്ടവരുടെ ചിന്ത. നിങ്ങളുടെ അയൽപക്കത്തെ ഹൈന്ദവനും, മുസൽമാനും ബുദ്ധമതക്കാരനും കൂടെയുള്ളതാണ് ഈ മഹാ സന്തോഷം. യേശു അവരേയും സ്നേഹിക്കുന്നു.

അവരോടും നാം സുവിശേഷം പറയേണ്ടിയിരിക്കുന്നു. ആട്ടിടയർക്ക് ആരാധനയെ സംബന്ധിച്ച് ദർശനം ഉണ്ടായി. ഇതിനുമുമ്പ് ആരാധന നഷ്ടപ്പെട്ടിരുന്നുവല്ലോ. എന്നാൽ ദൂതന്മാർ ദൈവത്തെ ആരാധിക്കുന്നതിലൂടെ ആരാധന എന്ത്, എങ്ങനെ എന്ന് ദൈവം അവരെ പഠിപ്പിച്ചു. ഇന്നും ദൈവജനത്തിന് ആരാധനയെക്കുറിച്ച് പ്രത്യേകിച്ച് ദർശനം ലഭിക്കേണ്ടിയിരിക്കുന്നു. അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം, ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം ഇതാണ് ആരാധന. യേശുക്രിസ്തുവിന്റെ വിൽപത്രം എന്നാണ് സമാധാനത്തെക്കുറിച്ച് പണ്ഡിതർ പറയുന്നത്. ഇവർക്ക് ലഭിച്ച ദർശനം എത്ര ശ്രേഷ്ഠകരം.

ആട്ടിടയൻ തങ്ങളുടെ ലക്ഷ്യം തെറ്റാതെ സന്തോഷത്തോടെ ചെന്ന് ആരാധിച്ചു മടങ്ങി പ്പോയി. നമുക്കും യേശുവിനെ കണ്ട് ആരാധിച്ച് സമാധാനത്തോടെ ജീവിക്കുവാൻ കൃപ ലഭിക്കട്ടെ. ക്രിസ്തുമസിന്റെ മംഗളങ്ങൾ നേരുന്നു.

**യൽദോയ്ക്കു ശേഷം 1-ാം ഞായർ (30-12-18) ജ്ഞാനത്തിലും ദൈവകൃപയിലുമുള്ള വളർച്ച**

സോക്രട്ടീസ് തത്വജ്ഞാനത്തെ സ്വർഗ്ഗത്തിൽനിന്ന് ഭൂമിയിലേക്ക് കൊണ്ടുവന്നു എന്നു പറയപ്പെടുന്നു. പദാർത്ഥ പരിണാമത്തെയും പ്രപഞ്ചോല്പത്തിയെയും കുറിച്ച് ആലോചിച്ച് തല പുകയുന്നതിനു പകരം രാജ്യത്തിന്റെ ഉത്തമ പൗരന്മാരെ അതിലേയ്ക്ക് പ്രതിദിന ജീവിതത്തിൽ ഉത്തമരായിരിപ്പാനാണ് അന്യജാതിജനങ്ങളെ പഠിപ്പിച്ചത് പ്രായോഗിക തലത്തിൽ ജീവിതം വിജയകരമാക്കുന്നതിന് ജ്ഞാനം ആവശ്യമാണ്. യഹോവ ഭക്തിയാണ് ജ്ഞാനത്തിന്റെ ഉന്നതിക്കുള്ള വഴിയും ഭക്തിയാണ്. ഭക്തികൊണ്ട് മനഃശാന്തി ഉണ്ടാവുകയും അന്യരോട് അസൂയ ഉണ്ടാകാതിരിക്കുകയും വേണം. ശാന്തമനസ്സ് ദേഹത്തിനു ജീവൻ. അസൂയയോ അസ്ഥികൾക്ക് ദ്രവത്വം എന്നാണ് ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ പറയുന്നത് (സദൃ.14:30).

ഉപദ്രവിച്ചവരെ എത്ര നാളുകൾ കഴിഞ്ഞാലും ഓർമ്മയിൽവച്ചു പ്രതികാരം ചെയ്യുന്ന മൂർഖൻപാമ്പിൻ പകയും ആനപ്പകയും പ്രസിദ്ധങ്ങളാണ്.

അറബികളോടു അമേരിക്ക കാട്ടിയിട്ടുള്ള ക്രൂരതയുടെ പക മനസ്സിൽ വളർത്തി സ്വന്ത ജീവൻപോ ലും പണയം വച്ച് അമേരിക്കയുടെ അഭിമാനസ്തംഭങ്ങൾ തകർക്കുകയും ഭീകര പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്ന കാലഘട്ടത്തിലാണല്ലോ നാം ജീവിക്കുന്നത്. പക വളരെക്കാലം വച്ചുകൊണ്ടിരിക്കുന്നതാണ് പൗരുഷമെന്നു കരുതിയ കാലങ്ങളുണ്ട്. എന്നാൽ മനുഷ്യനെ മൃഗത്തിൽനിന്നും വ്യത്യാസപ്പെടുത്തുന്നത് പ്രതികാരം നടത്താനുള്ള സാമർത്ഥ്യമല്ല നേരെ മറിച്ച് ഉപദ്രവം ഏൽക്കാനും ക്ഷമിക്കാനുമുള്ള കഴിവാണെന്നാണ് മഹാന്മാരുടെ സാക്ഷ്യം. ബുദ്ധന്റെയും ക്രിസ്തുവിന്റെയും അഹിംസാ ദർശനത്തിൽ മാത്രമല്ല, സാമ്രാജ്യം പിടിച്ചടക്കുന്നതിനു ലക്ഷോപലക്ഷം ജനങ്ങളെ ചുട്ടെരിച്ച നെപ്പോളിയന്റെ മഹാമനസ്ക്കതയും അതായിരുന്നു.

(എന്റെ ആയുസ്സിൽ ഒരിക്കലെങ്കിലും എന്നെ ഉപദ്രവിച്ചവരോട് വ്യക്തി വൈരാഗ്യം വെച്ചുകൊണ്ടു ഞാൻ പെരുമാറിയിട്ടില്ല എന്നാണ് അദ്ദേഹം പറഞ്ഞത്.) അദ്ദേഹത്തേക്കാൾ അധമന്മാരായ ആളുകളായി നാം തീരരുത്.

കോപംകൊണ്ട് ക്ഷോഭിച്ചിളകിമറിയാതെ ശാന്തമായിരിക്കുന്ന മനസ്സ് ശരീരത്തിനു ജീവനും ഓജസ്സും ആരോഗ്യവും സൗന്ദര്യവും നൽകുമെന്നും അസൂയ കലുഷിതമായ മനസ്സാകട്ടെ അസ്ഥികളെ ദ്രവിപ്പിക്കുകയും ആരോഗ്യത്തെ നശിപ്പിക്കുകയും ചെയ്യും. കോപത്താലുണ്ടാകുന്ന രക്ത പ്രവാഹം കൊണ്ടു കണ്ണു ചുവക്കുകമാത്രമല്ല കണ്ണു കാണാൻ പാടില്ലാതാകുന്നവരും ഉണ്ട്. അതിന് കോപാന്ധത എന്നു പറയുന്നു. സുഗമമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു യന്ത്രത്തിൽ കല്ലും മണ്ണും വാരിയിടുന്നതുകൊണ്ട് അതിനു കേടുവരുന്നതുപോലെ ദുർവികാരങ്ങളാൽ ശരീത്തിനു മുഴുവനായി തകരാറു വരുത്തുന്നു.

എന്നാൽ ദൈവഭക്തിയും ദൈവീക സ്നേഹവും നിറഞ്ഞ ഹൃദയമാകട്ടെ ശാന്തിയുടെ യും സൗഖ്യത്തിന്റെയും ഉറവിടമാകുന്നു. ഹൃദയശാന്തി ശരിരത്തെ ജീവനും ചൈതന്യവുംകൊണ്ട് നിറക്കുന്നു. ദൈവഭക്തി ഹൃദയശാന്തിയും ദേഹകാന്തിയും നൽകുന്ന പോഷകാഹാരമാണ്. അതുകൊണ്ടാണ് നിങ്ങൾ അറിയാത്ത ആഹാരം എനിക്കുണ്ട് എന്ന് യേശു പറഞ്ഞത്.

മനുഷ്യന്റെ സകല പ്രശ്നങ്ങൾക്കും പരിഹാരവും ശരീരാത്മ ദേഹികളുടെ സൗഖ്യവും നൽകുന്ന ദിവ്യ ഔഷധമാണ് ക്രിസ്തു യേശുവിൽ വെളിപ്പെട്ട നിസ്വാർത്ഥ സ്നേഹം. ആ സ്നേഹം ഉള്ളവരായി ആരോഗ്യമുള്ളവരായി നമുക്ക് ജീവിക്കാം എല്ലാവർക്കും പുതുവത്സര മംഗളങ്ങൾ നീണാൾ നേരുന്നു.

**ദനഹ 2019 ജനുവരി 6**

നമ്മുടെ കർത്താവ് യോഹന്നാനിൽനിന്നും സ്നാനം ഏൽക്കുന്ന ദിവസമാണ് ദനഹാ പെരുന്നാൾ. ഈ ദിവസത്തിന്റെ ദൂത് മാനസാന്തരപ്പെടുക എന്നുള്ളതാണ്. ക്രിസ്തുവിനോടു ചേരുന്ന ഏതൊരു വ്യക്തിക്കും പാപമോചനം ആദ്യം വി. മാമോദീസായിൽനിന്നും പിന്നീട് സത്യ അനുതാപത്തോടുകൂടിയ കുമ്പസാരത്തിലും ലഭിക്കുന്നു.

നമ്മുടെ ഇടയിലുള്ള പലരും കരുതുന്നത് താഴ്ന്ന വർഗ്ഗത്തിൽപ്പെട്ടവർക്കോ, അക്രൈസ്തവർക്കോ മാത്രം ആവശ്യമുള്ളതാണ് മാനസാന്തരം എന്നാണ്. എന്നാൽ നമ്മുടെ സഭയിലെ പ്രധാനപ്പെട്ടവർക്ക് ഇത് ഒട്ടുമേ ആവശ്യമില്ല എന്നാണ്. മാനസാന്തരം എന്ന ആശയത്തോട് അതൃപ്തി മനുഷ്യർക്ക് വളർന്നുവരുന്നതിന്റെ കാരണങ്ങൾ പഠിക്കുമ്പോൾ ഒന്നാമതായി മാനസാന്തരത്തിൽ ഒരു വിശ്വാസവും ഇല്ലാ എന്നുള്ളത്. രണ്ടാമതായി വഴിപിഴച്ച സുവിശേഷവേലരീതികൾ കാരണം സഭാപരിവർത്തനങ്ങൾ ഉണ്ടാകുന്നതുകൊണ്ടാണ്. അതുകൊണ്ട് മനുഷ്യർക്ക് മാനസാന്തരത്തോട് താല്പര്യം ഉണ്ടാകണമെങ്കിൽ നമ്മുടെ ധാരണ യഥാർത്ഥ വേദ പുസ്തകാടിസ്ഥാനത്തിൽ ആയിരിക്കണമെങ്കിൽ രണ്ടു സത്യങ്ങൾ ചേർത്തു പിടിക്കണം. (2.കോരി. 5:18-21-റോമ.5:11)

ഒന്നാമത് ദൈവം ക്രിസ്തുവിൽ ലോകത്തെ തന്നോടു നിരപ്പിക്കുകയായിരുന്നു. രണ്ടാമത് നിരപ്പു പ്രാപിക്കണമെങ്കിൽ നാം തന്നെ ക്രിസ്തുവിൽ ആയിരിക്കണം. വിശ്വാസയാത്രയുടെ ആരംഭത്തിൽ പ്രത്യേകിച്ചും മാനസാന്തരവും വിശ്വാസവും ആവശ്യമാണെന്നു സംശയലേശമെന്യേ പറയാം. നമ്മുടെ ഭയങ്കരമായ പാപാവസ്ഥയെക്കുറിച്ചും തെറ്റുകളെക്കുറിച്ചും നിസ്സഹായവസ്ഥയെക്കുറിച്ചും ഉള്ള അനുതാപം. തുടർന്ന് നമ്മുടെ ഉള്ളിൽ തന്നെയെന്ന് നമ്മുടെ കർത്താവ് പറഞ്ഞ ദൈവരാജ്യം നാം വിശ്വാസത്താൽ

സ്വീകരിക്കണം. പരിശുദ്ധാത്മാവിൽ സന്തോഷവും സമാധാനവും നീതിയുമായ ദൈവരാജ്യം നാം പ്രാപിക്കണം. നമ്മുടെ ക്രിസ്തീയ വളർച്ചയുടെ ഓരോ വികാസദശയിലും ആവശ്യമായ നമ്മുടെ മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം ഓടാൻ സഹായിക്കുന്ന മാനസാന്തരം ആവശ്യമാണ്. വിശ്വാസം മൂലം മാനസാന്തരംമൂലം ഭക്തിപരമായ ജീവിതം ഇവ ഒരിക്കലും തമ്മിൽ വേർപിരിയുന്നതല്ല. എല്ലാവരും മാനസാന്തരപ്പെടണം എന്ന് ദൈവം കല്പിക്കുന്നു. പാപത്തിൽനിന്ന് വിശുദ്ധിയിലേക്കുള്ള മനസ്സിന്റെ ആന്തരീകമായ ഒരു രൂപാന്തരമാണ് മാനസാന്തരം. ഉദാ. മഗ്ദലന മറിയത്തിന്റെ മാനസാന്തരം.

ആത്മാവിന്റെയും ജഡത്തിന്റെയും എല്ലാ അശുദ്ധിയിൽനിന്നും നിന്നെ ശുദ്ധമാക്കുവാൻ യേശുവിനു കഴിയും. നിന്നെ സ്നേഹിച്ചു നിനക്കുവേണ്ടി തന്നത്താൻ നൽകിയ, നിന്റെ പാപങ്ങളെയെല്ലാം സ്വന്ത ശരീരത്തിൽ വഹിച്ചുകൊണ്ട് കുരിശിൽ കയറിയ നിന്റെ എല്ലാ കുറ്റങ്ങളിൽനിന്നും തിരുരക്തത്താൽ നിന്നെ തുടർച്ചയായി രക്ഷിച്ചു കൊണ്ടിരിക്കുന്ന യേശുക്രിസ്തുവിൽ നമുക്ക് വിശ്വസിക്കാം.

**ദനഹായ്ക്കുശേഷം 1-ാം ഞായർ (13-01-2019)**

ലോകസംഭവങ്ങളിലേക്ക് കണ്ണ് ഓടിച്ചാൽ അനിശ്ചിതത്വവും അന്ധാളിപ്പുമാണുളവാകുന്നത്. പ്രകൃതിക്ഷോഭങ്ങളും ഭീകര പ്രവർത്തനങ്ങളും കഴിഞ്ഞ വർഷത്തിൽ ലോക ജനതയെ നടുക്കുകയുണ്ടായി. എന്നാൽ അതിന്റെ നടുവിൽ കർത്താവ് നമ്മെ കാത്തു സൂക്ഷിച്ചു നടത്തിയ വഴികൾ ഓർമ്മിക്കുമ്പോൾ ഇത്രത്തോളം യഹോവ സഹായിച്ചു എന്ന് നന്ദിയോടും സ്തോത്രത്തോടും നാം ഓരോരുത്തരും പറയേണ്ടതാണ്.

ഏതു സമയത്തും എന്തും സംഭവിക്കാവുന്ന പൊട്ടിത്തെറിയുടെയും പിരിമുറുക്കത്തിന്റെയും അന്തരീക്ഷമാണ് എല്ലാ രംഗങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിൽ നമുക്ക് ആരിലാശ്രയിക്കാൻ കഴിയും യെശയ്യാപ്രവാചകനിലൂടെ യിസ്രായേലിനു ദൈവം വാഗ്ദത്വം നൽകുകയാണ്. യെശയ്യാ 49:10. കരുണയുള്ളവൻ നിങ്ങളെ വഴി നടത്തും.

കണ്ണിൽ ചോരയില്ലാതെ സംസാരിക്കുകയും വേദനിപ്പിക്കുകയും ഉപദ്രവിക്കുകയും കൊല്ലുകയും ചെയ്യുന്ന മനുഷ്യരുള്ള ഈ ലോകത്ത് ലക്ഷക്കണക്കിനു മനുഷ്യമക്കൾ കരുണയ്ക്കായി ദാഹിക്കുകയാണ്. തൊഴിൽ മേഖല, വിദ്യാഭ്യാസ മേഖല, അദ്ധ്യാത്മിക മേഖല രാഷ്ട്രീയ മേഖല എവിടെയാണ് കരുണയുടെ അനുഭവം ലഭിക്കുന്നത്. എല്ലായിടത്തും ക്രൂരതയുടെ മുഖമാണ്. എന്നാൽ കരുണയും മനസ്സലിവുള്ള ഒരു കർത്താവ് നമുക്ക് ഉണ്ടെന്നുള്ളത് ആശ്വാസപ്രദമാണ്. ജീവിത യാത്രയിൽ കടഭാരത്താലും മറ്റു പ്രശ്നങ്ങളെല്ലാം വീർപ്പു മുട്ടുന്നവരുണ്ട്. അങ്ങനെയുള്ളവരെയും വഴി കാണിച്ചുകൊടുക്കുകയും അതിൽ നടത്തുകയും ചെയ്യുന്ന കാരുണ്യവാനാണ് നമ്മുടെ കർത്താവ്. യിസ്രായേൽ ചെങ്കടൽ കണ്ട് വഴി മുട്ടി നിൽക്കുമ്പോൾ അതിന്റെ നടുവിൽ വഴിയുണ്ടാക്കിയ കർത്താവ് ഇന്നും ജീവിക്കുന്നു. ആഹാരം, വസ്ത്രം, പാർപ്പിടം ഇവ നൽകി നന്മകളാൽ പോഷിപ്പിക്കുന്നവനാണ് നമ്മുടെ കരുണയുള്ള കർത്താവ് ഭയപ്പെടുകയും ഭാരപ്പെടുകയും വേണ്ട അവൻ നടത്തും.

കവിത

# പ്രളയം

**ജയ്നമ്മ മർക്കോസ്,**
**നടുവിലേപറമ്പിൽ, കുഴിമറ്റം**

ജഡിക പാപത്താൽ കളങ്കപ്പെട്ടോരു
ജാതിയെ ഏറ്റം ശുദ്ധീകരിപ്പാൻ
നാഥൻ ആഴിയെ തട്ടി വിളിച്ചു
ദേശത്തെ വേഗം ശുദ്ധികരിപ്പീൻ
നാഥന്റെ വിളികേട്ടു തോയം ഉണർന്നു
ഭൂമി പിളർന്നു വെള്ളം ഒഴുക്കി
അണക്കെട്ടു അലറി അടുത്തുകൊണ്ട്
മനുഷ്യമൃഗങ്ങളെ ഭക്ഷണമാക്കി
കൊല്ലും കൊലയും കൊലവിളിയും
പീഡനമൊക്കെ പെരുകിയപ്പോൾ
കോപം നിറഞ്ഞൊരു നല്ലിടയൻ
പ്രളയത്താൽ ദേശം കഴുകിയല്ലോ
ആലയം വിട്ടു അലയുന്ന ആടിനെ
തേടിയിറങ്ങുന്നോരിടയൻ
നന്മകൾ മാത്രം നൽകുന്നോരിടയൻ (2)
ആടിനെ നോക്കി കരഞ്ഞീടുന്നു
ലോകശക്തിയും തടയാനാവാത്ത
കാളരാത്രിയിൽ മർത്യൻ കരഞ്ഞു
തേടിയതെല്ലാം വിട്ടുകൊണ്ട്
'കൂട് വിട്ടോടി കൂട്ടത്തോട് ഓടി
സ്നേഹ ഭാവത്തിലടുത്തുകൊണ്ട്
ചെന്നായിൻ വേഷം കെട്ടിയ മക്കൾ
ആടിതിമിർത്തു തള്ളുന്ന ജീവിതം
കേവലം നാലു വിരൽ നീളമല്ലേ (2)
ദേശത്തെ ആളെ ഇളക്കിയ പ്രളയത്താൽ
ക്ഷീണിച്ച മക്കളെ ചേർത്തു പിടിച്ച്
അന്നവസ്ത്രാദി നൽകികൊണ്ട്
സമസൃഷ്ടി സ്നേഹം പങ്കുവെച്ചു. (2)
യൗവനമോഹത്തിൽ ഓടിടാതെ
കരുത്തുള്ള തലമുറയെ ലഭ്യമാക്കാൻ
വേദങ്ങളൊക്കെ ഓതിക്കൊടുത്തു
ലോക ജീവിതം ധന്യമാക്കൂ (2)
ദൈവത്തെ വിട്ടു നടന്നിടുകിൽ
സാത്താനൊടൊത്തു നടന്നിടുമേ (2)
സർവ്വ പാപത്തേയുംശുദ്ധീകരിപ്പാൻ
യേശുവിൻ രക്തം ശക്തമല്ലോ.
ദശേന്ദ്രിയങ്ങളെ ശുദ്ധമാക്കാൻ
യാമകാലത്തിൽ ഈശനെ തേടൂ
ശക്തിയും ബുദ്ധിയും തന്നു കൊണ്ടു
ഈശൻ മാറോടു ചേർത്തു പിടിക്കും (2)

# പ്രീമാരിറ്റൽ കൗൺസലിംഗ്: പ്രാധാന്യവും ആവശ്യകതയും

**ഫാ.ഡോ. ജയിംസ് തോടത്തിൽ**
ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്

പ്രീമാരിറ്റൽ കൗൺസലിംഗ് അഥവാ വിവാഹ ഒരുക്ക സെമിനാർ വിവാഹ ജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്നവർക്ക് ചില ബോധ്യങ്ങളെ പങ്കുവയ്ക്കുന്ന ഒരു സംരംഭമാണ്. വികസിത രാജ്യങ്ങളിൽ മാത്രമല്ല; വികസിച്ചുകൊണ്ടിരിക്കുന്ന രാജ്യങ്ങളിലും വിവാഹജീവിതത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരിക്കുവാൻ വിവിധ സഭാസാമൂഹി സംഘടനകൾ യുവതീയുവാക്കൾക്കുവേണ്ടി വിവാഹ ഒരുക്കസെമിനാർ സംഘടിപ്പിക്കുന്നു.

ക്നാനായ സമുദായത്തിൽ ഇദംപ്രഥമമായി 1998 ൽ ആരംഭിച്ച ക്നാനായ ഫാമിലി ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ വിവാഹഒരുക്ക സെമിനാർ എല്ലാ മാസത്തിന്റെയും രണ്ടാം ശനിയാഴ്ചയോടനുബന്ധിച്ചുള്ള വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ ചിങ്ങവനം ക്ലീമ്മീസ് സെന്ററിൽ വച്ച് നടത്തപ്പെടുന്നു. ക്നാനായ സമുദായാംഗങ്ങളായിട്ടുള്ള വിവാഹ ജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്ന എല്ലാ യുവതിയുവാക്കളും നിർബന്ധമായി ഈ ത്രിദിന സെമിനാറിൽ പങ്കെടുക്കേണ്ടതാണ്. 18 വയസ്സിനുമുകളിലുള്ള പെൺകുട്ടികൾക്കും 21 വയസ്സിനു മുകളിലുള്ള ആൺകുട്ടികൾക്കും വിവാഹത്തിനു മുൻപുതന്നെ ഇതിൽ സംബന്ധിച്ച് സർട്ടിഫിക്കറ്റ് കരസ്ഥമാക്കാവുന്നതാണ്. ഈ സർട്ടിഫിക്കറ്റ് അതാത് ഇടവകവികാരിമാരെ വിവാഹത്തിന് മുൻപ് തന്നെ കാണിച്ച് ബോധ്യപ്പെടുത്തേണ്ടതാണ്. ഈ നിയമം ഒരു അടിച്ചേൽപ്പിക്കലല്ലെന്നും നമ്മുടെ ശോഭനമായ കുടുംബജീവിതത്തിനുള്ള നിർബന്ധമായ ഒരു ഉപദേശമാകുന്നുവെന്നും എല്ലാ സമുദായാംഗങ്ങളും തിരിച്ചറിയുമെന്ന് പ്രത്യാശിക്കുന്നു.

ബഹുമാനപ്പെട്ട എ.പി. ജേക്കബ് ആഞ്ഞിലിമൂട്ടിൽ കശ്ശീശാ ഈ സ്ഥാപനത്തിന്റെ സ്ഥാപക ഡയറക്ടർ (1998–2015) ആയി അഭിനന്ദനാർഹമായി ചെയ്ത ശുശ്രൂഷയാണ് ഈ പ്രസ്ഥാനം ഇത്രമാത്രം വിജയിപ്പിക്കുവാൻ കാരണമായത്. ബഹുമാന്യനായ രാജൻ ഏബ്രഹാം കുളമടയിൽ അച്ചൻ ദീർഘകാലം സെക്രട്ടറിയായി സ്തുത്യർഹമായി സേവനം ചെയ്തു. ഈ പ്രസ്ഥാനത്തിന്റെ സെക്രട്ടറി (2004–2007) ഡയറക്ടർ (2015–18) എന്നീ നിലകളിൽ പ്രവർത്തിച്ച ബഹുമാനപ്പെട്ട തോമസ് ഏബ്രഹാം മലേച്ചേരിൽ അച്ചനെയും സെക്രട്ടറി (2015–18) എന്ന നിലയിൽ ശ്ലാഘനീയമായി ശുശ്രൂഷ ചെയ്ത ബഹുമാനപ്പെട്ട ഷാജി ജേക്കബ് പുത്തൻപുരയ്ക്കൽ അച്ചനെയും നന്ദിയോടെ സ്മരിക്കുന്നു. കൂടാതെ ഈ പ്രസ്ഥാനത്തിന്റെ കമ്മറ്റിയംഗങ്ങൾ മറ്റ് ചുമതലക്കാർ എന്നീ നിലയിൽ പ്രവർത്തിച്ചിട്ടുള്ള എല്ലാ വൈദികശ്രേഷ്ഠരെയും അത്മായശ്രേഷ്ഠരെയും കൃതജ്ഞതയോടെ ഓർക്കുന്നു. ഇവരുടെയെല്ലാം ആത്മാർത്ഥമായ സഹകരണത്താൽ ഈ പ്രസ്ഥാനം ഇതുവരെ വളരെ വിജയകരമായി മുന്നോട്ടു പോകുന്നു.

വിവാഹജീവിതത്തിൽ ശ്രദ്ധിക്കേണ്ട വിവിധ വിഷയങ്ങൾ സെമിനാറിൽ ചർച്ച ചെയ്യപ്പെടുന്നതിലൂടെ യുവതിയുവാക്കൾക്ക് വ്യക്തമായ ധാരണയോടെ വിവാഹജീവിതത്തിൽ പ്രവേശിക്കുവാൻ സാധ്യമാകുന്നു. കൗൺസലിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന വൈദികരും വനിതകളും ഡോക്ടർമാരും ഇവർക്ക് മാർഗ്ഗദീപമായി പ്രവർത്തിച്ചുവരുന്നു. ഗ്രന്ഥങ്ങളിൽ നിന്നുള്ള അറിവും അനുഭവജ്ഞാനവും വേദപുസ്തകബോധ്യങ്ങളും സർവ്വോപരി ദൈവവിശ്വാസവും അടിസ്ഥാനമാക്കി ഇവർ യൗവ്വനക്കാരെ വഴിനയിക്കുന്നത് ശരിയായ ക്രൈസ്തവ വിവാഹ ജീവിതത്തിലേക്കാണ്.

വിവാഹം ഒരു ദൈവവിളിയാണെന്ന ബോധ്യം നമ്മെ സമ്പൂർണ്ണ സമർപ്പണത്തിലേക്കു നയിക്കുന്നു. ദൈവം കൂട്ടിച്ചേർത്ത ഇണയാണ് തന്റെ തുണ എന്ന തിരിച്ചറിവ് ജീവിത പങ്കാളിയെ തന്നോട് ചേർത്ത് നിർത്തുവാനുള്ള അവബോധം നൽകുന്നു. "അനന്തരം യഹോവയായ ദൈവം മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല; ഞാൻ അവന് തക്കതായൊരു തുണയെ ഉണ്ടാക്കിക്കൊടുക്കും എന്ന് അരുളിച്ചെയ്തു (ഉല്പ.2:18). ജീവിത പങ്കാളി ദൈവത്തിന്റെ ദാനമാണെന്നും തെരഞ്ഞെടുപ്പാണെന്നുമുള്ള ബോധ്യം കുടുംബജീവിതം അനുഗ്രഹകരമായും സുഖത്തിലും ദുഃഖത്തിലും മരണംവരെ ഒരുമിച്ചു ജീവിക്കുവാൻ ദൈവത്തോട് മനുഷ്യൻ സമർപ്പിക്കുന്ന ഉടമ്പടി (Not contract but cavanant) യാണ് വി.വിവാഹം എന്ന കൂദാശ. വിവാഹ ഒരുക്ക സെമിനാറിലൂടെ ഈ ബോധ്യം യൗവ്വനക്കാർക്ക് ലഭിക്കുന്നു.

ക്രൈസ്തവ കുടുംബങ്ങൾ മാതൃകാപരമായിരിക്കണം. മാതൃകാ കുടുംബജീവിതത്തിന്റെ പ്രധാനഘടകങ്ങൾ ഉത്തമനായ ഭർത്താവും ഉത്തമയായ ഭാര്യയുമാണ്. ഉത്തമൻ/ഉത്തമ എന്നാൽ ജീവിത പങ്കാളിയുടെയും മക്കളുടെയും നന്മയ്ക്കുവേണ്ടി സമർപ്പിക്കുന്ന വ്യക്തിയെന്നാണ്. കുടുംബത്തിന്റെ വിജയം വ്യക്തികളുടെ തോൽവിയും വ്യക്തികളുടെ വിജയം കുടംബത്തിന്റെ തോൽവിയുമാണ്. ഞാൻ എന്ന ഭാവം കുടുംബതകർച്ചയ്ക്ക് കാരണമാകും. അവകാശബോധമല്ല; ചുമതലാ ബോധമാണ് കുടുംബാംഗങ്ങൾക്കു ഉണ്ടാകേണ്ടതാണ്.

കുടുംബ ജീവിതത്തിൽ പ്രാർത്ഥനയുടെ പ്രാധാന്യം തിരിച്ചറിയുന്നത് ക്രൈസ്തവധർമ്മമാണ്. യേശുക്രിസ്തുവിൽ കേന്ദ്രീകൃതമായ കുടുംബം അനുഗ്രഹിക്കപ്പെടും. യാമപ്രാർത്ഥനകളും നോമ്പും ഉപവാസവും വി. കുർബ്ബാനാനുഭവവും കുടുംബത്തെ സ്വർഗ്ഗതുല്യമാക്കുന്നു. "അവന്റെ രാജ്യം അന്വേഷിപ്പിൻ; അതോടുകൂടി നിങ്ങൾക്കുള്ളതു

കിട്ടും. (വി.ലൂക്കോ.12:31). എല്ലാ കാര്യങ്ങളും ദൈവത്തോട് ആലോചിച്ചു ചെയ്യുകയും ദൈവഹിതത്തിന് സമർപ്പിക്കുകയും ചെയ്യുന്നത് അനുഗ്രഹകരമായ കുടുംബജീവിതം നയിക്കുവാൻ സഹായിക്കും. കുടുംബനാഥൻ ക്രിസ്തു ആകുന്നുവെങ്കിൽ കുടുംബത്തിന്റെ കർതൃത്വം കർത്താവ് ഏറ്റെടുത്തുകൊള്ളും. "ബാലസിംഹങ്ങളും ഇരകിട്ടാതെ വിശന്നരിക്കും; യഹോവയെ അന്വേഷിക്കുന്നവർക്ക് ഒരു നന്മയ്ക്കും കുറവില്ല" (സങ്കീ.34:10). ദൈവഭക്തന്റെ കുടുംബത്തിന്റെ അനുഗ്രഹത്തെക്കുറിച്ച് ഇങ്ങനെ പറഞ്ഞിരിക്കുന്നു; "നിന്റെ ഭാര്യ നിന്റെ വീടിനകത്തെ ഫലപ്രദമായ മുന്തിരിവള്ളിപോലെയും നിന്റെ മക്കൾ നിന്റെ മേശയ്ക്കു ചുറ്റും ഒലിവുതൈകൾ പോലെയുമിരിക്കും. യഹോവ ഭക്തനായ പുരുഷൻ ഇങ്ങനെ അനുഗ്രഹിക്കപ്പെട്ടവനാകും'' (സങ്കീ.128:3,4) ദൈവത്തിൽ പരിപൂർണ്ണമായി ആശ്രയം വയ്ക്കുന്ന കുടുംബമായിരിക്കണം. ''യഹോവയിൽ ആശ്രയിക്കുകയും യഹോവ തന്നെ ആശ്രയുമായിരിക്കുകയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ". (യിര.17:7).

മാതൃകാ കുടുംബജീവിതത്തിന്റെ അവിഭാജ്യ ഘടകമാണ് ആശയവിനിമയം. കുടുബാംഗങ്ങൾ പരസ്പരം പങ്കുവയ്ക്കുന്നവരാകുന്നുവെങ്കിൽ കുടുംബജീവിതം സുതാര്യമായിരിക്കും. മനസ്സു തുറന്ന് സംസാരിക്കുന്നതിനുള്ള ധൈര്യം കുടുംബാംഗങ്ങൾക്കുണ്ടെങ്കിൽ ഭവനത്തിൽ സന്തോഷം നിലനിൽക്കും. ഹൃദയം അടച്ചുവച്ച് വായ്തുറന്ന് സംസാരിക്കുന്നത് കുടുംബത്തിന്റെ താളം തെറ്റിക്കും. ആശയങ്ങൾ മാത്രമല്ല. അഭിപ്രായഭിന്നതയും തുറന്ന് പ്രകടിപ്പിക്കുമ്പോൾ മറയിടാതെ സംസാരിക്കുവാൻ കഴിയും. മനസ്സിലുള്ളത് തുറന്നു കാട്ടാതിരുന്നാൽ പ്രശ്നങ്ങൾ സങ്കീർണ്ണമാകും. പ്രശ്നങ്ങൾ പറഞ്ഞുതീർക്കുവാനുള്ള സന്മനസ്സ് കാട്ടണം.

വിവാഹജീവിതത്തിൽ ലൈംഗികത ദൈവീക ദാനമെന്ന സത്യം തിരിച്ചറിഞ്ഞാൽ വിവാഹജീവിതം ഏറ്റവും അനുഗ്രഹപ്രദമാകും. "വിവാഹം എല്ലാവർക്കും മാന്യവും കിടക്ക നിർമ്മലവും ആയിരിക്കട്ടെ (എബ്രാ.13:4). ഈ ദൈവീക ദാനത്തിന്റെ മഹത്വം തിരിച്ചറിഞ്ഞ് ലൈംഗിക ധാർമ്മികത കാത്തു സൂക്ഷിക്കുന്ന വിവാഹിതർക്ക് ജീവിത സായാഹ്നത്തിലും ലൈംഗികത ഒരു ആഘോഷമാക്കുവാൻ കഴിയും.

വി.കൂദാശയുടെ ദൈവശാസ്ത്രദർശനങ്ങളെക്കുറിച്ച് വിവാഹിതരാകുന്നവരെ ബോധവൽക്കരിക്കുന്നു. പ്രതീകങ്ങളുടെയും അടയാളങ്ങളുടെയും കൗദാശികപ്രാധാന്യം ബോധ്യമാകുന്നതിലൂടെ താങ്കൾ സ്വീകരിക്കുന്ന വി.വിവാഹം എന്ന കൂദാശയുടെ അന്തഃസത്ത തിരിച്ചറിയുകയും ഗൗരവത്തോടെയും പ്രാർത്ഥനയോടെയും ഈ കൂദാശ സ്വീകരിക്കുവാൻ അവരെ സജ്ജരാക്കുകയും ചെയ്യുന്നു.

വിവിധ വിഷയങ്ങൾ പഠിക്കുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്യുന്നതിലൂടെ വിവാഹജീവിതത്തിലേക്കു പ്രവേശിക്കുന്നവർക്ക് മാനസ്സികവും ശാരീരികവുമായി തയ്യാറെടുക്കുവാൻ ഈ ത്രിദിനസെമിനാർ സഹായിക്കുന്നു. എന്നാൽ നിർഭാഗ്യവശാൽ വിവാഹഒരുക്ക സെമിനാറിനെക്കുറിച്ച് ശരിയായ അവബോധമില്ലാത്തതിനാൽ ഇതിനെ നിസ്സാരമാക്കി കാണുന്നത് ദുഃഖകരമാണ്. നമ്മുടെ മക്കളുടെ ശോഭനമായ കുടുംബജീവിതത്തിനുവേണ്ടിയാണ് ഈ സെമിനാർ എന്ന് മനസ്സിലാക്കിക്കൊണ്ട് മാതാപിതാക്കൾ അവരെ പ്രോത്സാഹിപ്പിച്ച് ഇതിൽ സംബന്ധിക്കുവാൻ സജ്ജരാക്കണം. ഇതിനുവേണ്ടി ചിലവഴിക്കുന്ന സമയം നഷ്ടമല്ല, നേട്ടമാണെന്ന് തിരിച്ചറിയണം.

മാത്രമല്ല ഈ സെമിനാർ ഏകദിന സെമിനാർ അല്ല ത്രിദിന സെമിനാർ ആണെന്ന് തിരിച്ചറിയണം. ദിവസത്തിന്റെ എണ്ണം ചുരുക്കുവാനും ക്ലാസ്സുകൾ ഒഴിവാക്കി രക്ഷപെടാനും ശ്രമിക്കുന്നത് അപകടകരമാണ്. മരണംവരെ നീണ്ടു നിൽക്കുന്ന വിവാഹബന്ധത്തെ പരിപോഷിപ്പിക്കുവാനും ജ്വലിപ്പിക്കുവാനും സഹായിക്കുന്ന ഈ സെമിനാർ നമ്മുടെ മക്കൾക്ക് ഒരു അനുഗ്രഹമാണ്. വിവാഹ ഒരുക്ക സെമിനാറിൽ സംബന്ധിക്കുവാൻ തക്കവണ്ണം വിവാഹ തീയതി ക്രമീകരിക്കുന്നതു നല്ലതാണ്.

ഈ പ്രസ്ഥാനത്തെ നയിക്കുവാനുള്ള കൃപ ബലഹീനനായ എനിക്കും ഈ പ്രസ്ഥാനത്തിന്റെ സെക്രട്ടറിയാകുന്ന നമ്മുടെ ബഹു. ജിജി പുന്നൂസ് പുത്തൻപുരയ്ക്കൽ അച്ചനും ലഭിക്കുവാൻ നിങ്ങളുടെ പ്രാർത്ഥനാപൂർവ്വമായ സഹകരണം ഞങ്ങൾ പ്രതീക്ഷിക്കുന്നു. നിങ്ങളുടെ സഹകരണം, അതാണ് ഞങ്ങളുടെ ശക്തി, നിങ്ങളുടെ പ്രാർത്ഥന, അതാണ് ഞങ്ങളുടെ ബലം. ഈ പ്രസ്ഥാനം സമുദായാംഗങ്ങൾക്ക് പ്രയോജനപ്പെടട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ക്നാനായ ഫാമിലി ഡയറക്ടറേറ്റിൽ സമുദായംഗങ്ങളുടെ പരിപൂർണ്ണപിന്തുണ പ്രതീക്ഷിച്ചുകൊള്ളുന്നു.

### വിവാഹ ഒരുക്കസെമിനാറിൽ ക്ലാസ്സുകൾ നയിക്കുന്നവർ

Fr James Thodathil (Director) 9447456204.
Fr. Jiji Punnoose Puthenpurackal (Secretary) 9447119918
Fr. A.P. Jacob Ajilimoottil
Fr. Thomas Abraham Malecheril
Fr. Rajan Abraham Kulamadayil
Fr. Shaji Jacob Puthenpurackal
Fr. Jain Thomas Kulathunkal
Fr. Anil K. Thomas Konnackal
Dr. Jose Joseph
Mrs. Renu Babu

## വിവാഹ ഒരുക്ക സെമിനാർ

2019 ജനുവരി മാസത്തിലെ വിവാഹ ഒരുക്ക സെമിനാർ 10, 11, 12 തീയതികളിൽ ക്ലീമീസ് സെന്ററിൽ വച്ചു നടത്തുന്നതാണ്. 21 വയസ്സിനു മുകളിൽ പ്രായമുള്ള യുവാക്കളും 18 വയസ്സിനു മുകളിൽ പ്രായമുള്ള യുവതികളും വിവാഹമുറപ്പിക്കുന്നതിനു മുമ്പുതന്നെ ഈ സെമിനാറിൽ സംബന്ധിക്കേണ്ടതാണ്. അടിയന്തിര സാഹചര്യങ്ങളിൽ വിവാഹത്തിനു മുമ്പ് സെമിനാറിൽ സംബന്ധിക്കുവാൻ സാധിക്കാത്തവർ ഫാമിലിഡയറക്ടറേറ്റുമായി ബന്ധപ്പെടുക. സെമിനാറിൽ സംബന്ധിക്കുന്നവർ മുൻകൂട്ടി അറിയിക്കണം.

**Fr. Dr. James Jacob Thodathil**
(Director) Ph: 9447456204

**Fr. Jiji Punnoose Puthenpurackal**
(Secretary) Ph: 9447119918

# വി. സ്തേഫാനോസ് ആദ്യത്തെ രക്തസാക്ഷി



എബി

ക്രിസ്തീയ സഭയുടെ ആദ്യത്തെ രക്തസാക്ഷിയാണ് വി. സ്തേഫാനോസ്. യേശുക്രിസ്തു തിരഞ്ഞെടുത്ത ശിഷ്യന്മാരിൽ ഒരാളായിരുന്നില്ല വി. സ്തേഫാനോസ്. അപ്പോസ്തലന്മാരെപ്പോലെ യെരുശലേമിന് പുറത്ത് സുവിശേഷഘോഷണത്തിന് അദ്ദേഹം പോയിട്ടുമില്ല. എന്നാൽ വി. സ്തേഫാനോസിന് സഭയിലുള്ള സ്ഥാനം അപ്പോസ്തലന്മാരെക്കാൾ ഒട്ടും ചെറുതല്ല. ചെറു പ്രായത്തിൽ തന്നെ ആ യുവാവ് യേശുവിനെ രക്ഷിതാവായി സ്വീകരിക്കുകയും അവന്റെ പാതകളെ പിൻതുടർന്ന് പ്രചരിപ്പിക്കുകയും ചെയ്തു. സമൂഹത്തിലെ അനീതിക്കും അനാചാരങ്ങൾക്കുമെതിരെ നിരന്തരം പ്രസംഗിച്ചതിനാൽ സ്തേഫാനോസ് മതനേതാക്കളുടെ കണ്ണിലെ കരടായി മാറി. അവരവനെ ഇല്ലാത്ത കുറ്റങ്ങൾ ചുമത്തി കല്ലെറിഞ്ഞു കൊന്നു അങ്ങനെ വി. സ്തേഫാനോസ് സഭയുടെ ആദ്യത്തെ ധീരരക്തസാക്ഷിയായി 29-ാം വയസ്സിൽ മരണം വരിച്ചു.



എ.ഡി. 5ൽ യെരുശലേമിൽ ജനിച്ച സ്തേഫാനോസ് വിശ്വാസവും പരിശുദ്ധാത്മാവും നിറഞ്ഞ പുരുഷനായിരുന്നു എന്ന് അപ്പോസ്തല പ്രവർത്തികളിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെയാണ് മേശയിൽ ശുശ്രൂഷ ചെയ്യുന്നതിനായി തിരഞ്ഞെടുത്ത ഏഴു ശെമ്മാശന്മാരിൽ സ്തേഫാനോസ് പ്രധാനിയായത്. തിരഞ്ഞെടുക്കപ്പെട്ട ശെമ്മാശന്മാരെ അപ്പൊസ്തലന്മാർ പ്രാർത്ഥിച്ച് കൈവച്ച് അനുഗ്രഹിച്ചു. യെരൂശലേമിലെ ഗ്രീക്ക് ക്രിസ്ത്യാനികളുടെയിടയിൽ ട്രെയിടയിൽ ശുശ്രൂഷിക്കുന്നിതിനായി സ്തേഫാനോസ് നിയോഗിക്കപ്പെട്ടു. അദ്ദേഹം കൃപയും ശക്തിയും നിറഞ്ഞവനായി ജനമദ്ധ്യത്തിൽ അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ചുകൊണ്ടിരുന്നു. തൽഫലമായി അനേകം പേർ മാനസാന്തരപ്പെട്ട് യേശുവിങ്കലേക്കു തിരിഞ്ഞ ക്രിസ്ത്യാനികളായി യെരുശലേമിൽ ശിഷ്യന്മാരുടെ എണ്ണം പെരുകി. പുരോഹിതന്മാരിലും വലിയൊരു കൂട്ടം വിശ്വാസത്തിന് അധീനരായി തീർന്നു. സാമാന്യജനം ക്രിസ്തീയ വിശ്വാസത്തിലേക്കു മാറുന്ന കാഴ്ച മൂപ്പന്മാർക്കും ശാസ്ത്രിമാർക്കും വലിയ അങ്കലാപ്പ് ഉളവാക്കി അവർ സ്തേഫാനോസിനോട് തർക്കത്തിന് മുതിർന്നെങ്കിലും അവന്റെ ജ്ഞാനത്തോട് എതിർത്തു നിൽക്കാൻ കഴിഞ്ഞില്ല. ഒടുവിൽ അവനെതിരായി കള്ളസാക്ഷ്യമുണ്ടാക്കി. മോശെയുടെ ന്യായപ്രമാണത്തിനും ദേവാലയത്തിനുമെതിരെ സ്തേഫാനോസ് നിരന്തരം പ്രസംഗിച്ചും ഉപദേശിച്ചും ജനങ്ങളെ വഴി തെറ്റിക്കുന്നു എന്ന് അവർ ആരോപിച്ചു

"നിങ്ങൾ ന്യായപ്രമാണം പ്രാപിച്ചു എങ്കിലും അത് പ്രമാണിക്കുന്നില്ല'. എന്ന് സ്തേഫാനോസ് ഉറക്കെ പ്രഖ്യാപിച്ചു. ഇത് അവരെ ചൊടിപ്പിച്ചു. അവർ ആക്രോശിച്ചു കൊണ്ട് അവന്റെ നേരെ പാഞ്ഞടുത്തു. അവനെ നഗരത്തിൽ നിന്നും പുറത്താക്കി കല്ലെറിഞ്ഞു.

രക്തസാക്ഷിയായി മരണം വരിക്കുന്നതിനു മുമ്പ് സ്തേഫാനോസ് ചെയ്ത പ്രസംഗം ഉജ്ജ്വലവും മഹത്വപൂർണ്ണവും ആയിരുന്നു എന്ന് ചരിത്രം ഘോഷിക്കുന്നു.

കല്ലേറുകൊണ്ട് മരിക്കുന്ന സമയം സ്തേഫാനോസ് സ്വർഗ്ഗത്തിലേക്ക് നോക്കി ദൈവമഹത്വം കാണുവാനിടയായി. ദൈവത്തിന്റെ വലത്തു ഭാഗത്തായി യേശു നിൽക്കുന്നതും കണ്ടു. തന്റെ അരുമനാഥനായ ക്രിസ്തുവിനെ പോലെ തന്നെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടും ജീവൻ വെടിഞ്ഞു.

സ്തേഫാനോസിന്റെ മരണത്തിൽ ഭയന്ന ക്രിസ്തീയ വിശ്വാസികൾ യരുശലേമിൽ നിന്നും ചിതറിയോടി. കുപ്രോസ്, അന്ത്യോഖ്യാ തുടങ്ങിയ സ്ഥലങ്ങളിലേക്ക് അവർ ഓടിപ്പോയെങ്കിലും അവിടെയൊക്കെ സുവിശേഷം പ്രസംഗിക്കാൻ അതു കാരണമായി. സ്തേഫാനോസിന്റെ മരണത്തിന് സമ്മതം നൽകുകയും സാക്ഷ്യം വഹിക്കയും ചെയ്ത ശൗൽ പിന്നീട് പൗലോസ് എന്ന പേരിൽ യേശുക്രിസ്തുവിന്റെ ഉത്തമ അപ്പൊസ്തലനായി മാറുകയും ചെയ്തു.

സ്തേഫാനോസിനുശേഷം സഭയുടെ വളർച്ചക്കനുസരണമായി പീഢനവും രക്തസാക്ഷികളുടെ എണ്ണവും വർദ്ധിച്ചുകൊണ്ടിരുന്നു. സഭാപിതാവായ തെർത്തുല്യൻ തന്റെ കൃതികളിൽ അവയൊക്കെ വിവരിച്ചിട്ടുണ്ട്. എന്ത് ദുരിതമുണ്ടായാലും അതിനൊക്കെ കാരണം ഏകദൈവവിശ്വാസികളായ ക്രിസ്ത്യാനികളാണെന്നും അതുകൊണ്ട് അവരെ നശിപ്പിച്ച് ദേവന്മാരെ പ്രസാദിപ്പിക്കണമെന്നും സാധാരണ ജനങ്ങൾ മുറവിളികൂട്ടും. മാംസം ശരീരത്തിൽനിന്നും വാർന്നെടുക്കുക, വന്യജന്തുക്കൾ ക്ക് ആഹാരമായി കൊടുക്കുക, ജീവനോടെ അഗ്നിയിൽ ദഹിപ്പിക്കുക മുതലായ പീഢനമുറകൾ അവർക്കൊരു ഹരമായി മാറി. നീറോ ചക്രവർത്തിമുതൽ ഡയോക്ലിഷ്യൻ വരെ ഏതാണ്ട് മുന്നൂറു വർഷത്തോളം ഈ മതപീഢനം നീണ്ടുനിന്നു. എ.ഡി. 312ൽ റോമാ ചക്രവർത്തിയായ കോൺസ്റ്റൻ ടൈന്റെ കാലത്താണ് അതുവരെ വിലക്കപ്പെട്ടിരുന്ന ക്രിസ്തുമതം റോമൻ സാമ്രാജ്യത്തിന്റെ ഔദ്യോഗിക മതമായി പ്രഖ്യാപിക്കപ്പെട്ടത്. രക്തസാക്ഷികളുടെ രക്തം സഭയുടെ വളർച്ചക്ക് വളമായി തീർന്നു. പിന്നീട് ക്രിസ്തുമതം റോമാസാമ്രാജ്യത്തിന്റെ അതിരുകൾ കടന്നു ലോകമെമ്പാടും വളർന്നു പന്തലിച്ചു. അതിന് വിത്തായിതീർന്നത് വി. സ്തേഫാനോസിന്റെ രക്തസാക്ഷി മരണമാണ്.

വി.സ്തേഫാനോസിന്റെ ഓർമ്മപെരുന്നാൾ ജനുവരി 8-ാം തീയതി സുറിയാനിസഭ ആചരിക്കുന്നു. ●

# സ്നേഹപിതാവ് മകൾക്കെഴുതിയ ഒരു കത്ത്

പ്രൊഫ. എം.എ. ഏബ്രഹാം മണിമലേത്ത്, കോതമംഗലം

എന്റെ പ്രിയ കുഞ്ഞേ, നീ ഒരു പക്ഷെ എന്നെ അറിയുകയില്ലായിരിക്കും (സങ്കീ.139:1), പക്ഷേ നിന്നെക്കുറിച്ചുള്ള എല്ലാകാര്യങ്ങളും എനിക്കറിയാം. നീ ഇരിക്കുന്നതും എഴുന്നേൽക്കുന്നതുമെല്ലാം ഞാൻ അറിയുന്നുണ്ട് (സങ്കീ.139:2). നീ നടക്കുന്ന വഴികൾ എനിക്ക് നന്നായി അറിയാം. (സങ്കീ.139:3).നിന്റെ ശിരസ്സിലെ ഓരോ മുടിയിഴപോലും എണ്ണപ്പെട്ടിരിക്കുന്നതായി നീ അറിയുന്നുണ്ടോ? (മത്തായി 10:29 –31). നിനക്ക് എന്റെ ഛായ തന്നെയാണുള്ളതെന്ന് നിനക്ക് അറിയാമോ? (ഉല്പ.1:27). എന്നിൽ നീ ജീവിക്കുകയും, ചരിക്കുകയും നിലനിൽക്കുകയും ചെയ്യുന്നുവെന്ന് നീ മനസ്സിലാക്കിയിരുന്നെങ്കിൽ നന്നായിരുന്നു (അപ്പോ.പ്രവ.17:28). നീ നിന്റെ അമ്മയുടെ ഉദരത്തിൽ ഉരുവാകുന്നതിനു മുമ്പേ തന്നെ നിന്നെ എനിക്കറിയാമായിരുന്നു (യിരെമ്യാവ് 1:4–5). നീ എന്റെ സ്വന്തം കുഞ്ഞുതന്നെയാണല്ലോ (അപ്പോ.പ്രവ.17:28). എന്റെ പുത്രനായ യേശുക്രിസ്തുവിന്റെ മഹത്വത്തിനും, സ്തുതിക്കും വേണ്ടി നീ ജീവിക്കുന്നതിനായി അവനിലൂടെ നിന്നെ ഞാൻ മുൻകൂട്ടി തിരഞ്ഞെടുക്കുകയായിരുന്നു. അതായിരുന്നു എന്റെ ഹിതവും, പദ്ധതിയും (എഫേസ്യർ1:11–12). നിന്റെ ജനനം പോലും എന്റെ അറിവോടുകൂടി മാത്രമായിരുന്നു. കുഞ്ഞേ, നിനക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള നാളുകൾ ഉണ്ടാകുന്നതിനു മുമ്പു തന്നെ അതെന്റെ പുസ്തകത്തിൽ രേഖപ്പെടുത്തപ്പെട്ടിരുക്കുന്നു (സങ്കീ.139:15–16). നിന്റെ യഥാർത്ഥ ജനനസമയവും, നീ എവിടെ ജനിക്കണമെന്നും, ഞാൻ മുമ്പേ തന്നെ നിശ്ചയിച്ചിരുന്നു (അപ്പോ. പ്രവ.17:26). കുഞ്ഞേ, നീ എന്റെ വിസ്മയനീയവും, അത്ഭുതകരവുമായ ഒരു സൃഷ്ടിയാണ് (സങ്കീ.139:14). നിന്നെ നിന്റെ അമ്മയുടെ ഉദരത്തിൽ മെനഞ്ഞതു ഞാൻ തന്നെയായിരുന്നു (സങ്കീ.139:139–13). എന്നെ അറിയാത്തവർ എന്നെ മനസ്സിലാക്കിയിരുന്നില്ല (യോഹ.8:41–44). ഞാൻ പൂർണ്ണമായും സ്നേഹം തന്നെയാണെന്ന് നീ മനസ്സിലാക്കിയിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുന്നു (1.യോഹ.4:16). നീ എന്റെ സ്വന്തം കുഞ്ഞും ഞാൻ നിന്റെ പിതാവുമായതിനാൽ നിന്നെ ഞാൻ അതിയായി സ്നേഹിക്കുന്നു (1.യോഹ.3:1). നിനക്ക് ജന്മം നൽകിയ നിന്റെ സ്വന്തം പിതാവിനു നൽകാവുന്നതിനേക്കാൾ വളരെ കൂടുതലായി നിനക്ക് ഞാൻ നൽകുന്നു (മത്തായി7:11). ഞാൻ നിന്റെ പരിപൂർണ്ണനായ പിതാവാകയാൽ (മത്താ.5:48) എല്ലാ നന്മകളും, ദാനങ്ങളും, നീ സ്വീകരിക്കുന്നത് എന്റെ കരങ്ങളിൽനിന്നുമാണ് എന്ന് നീ അറിയുന്നുണ്ടോ? (യാക്കോ1:17).

എല്ലാത്തിന്റെയും ദാതാവ് ഞാനാകയാൽ നിന്റെ ആവശ്യങ്ങളെല്ലാം ഞാൻ നടത്തി തരില്ലേ (മത്തായി 6:31–33). കുഞ്ഞെ, നിന്നെക്കുറിച്ച് എന്റെ മനസ്സിൽ ഒരു നല്ല പദ്ധതിയുണ്ട്. അത് നിന്റെ നാശത്തിനുള്ളതല്ല, മറിച്ച്, ക്ഷേമത്തിനുള്ളതാണെന്ന് നീ മനസ്സിലാക്കുക (യിരെമ്യ.29:11). എനിക്ക് നിന്നോടുള്ള സ്നേഹം അനന്തമായതിനാലാണ് (യിരെമ്യ 31–3). നിന്നെക്കുറിച്ചുള്ള എന്റെ ചിന്തകൾ അമൂല്യവും, വിപുലവുമാണ്. കടൽ തീരത്തെ മണൽത്തരികൾപോലെ അവ എണ്ണിത്തിട്ടപ്പെടുത്താൻ സാദ്ധ്യമല്ല (സങ്കീ.139:17–18). നിന്നെക്കുറിച്ച് ഞാൻ അതിയായി ആഹ്ലാദിക്കുന്നു (സെഫന്യാവ് 3:17–18). നിനക്ക് നന്മ ചെയ്യുന്നവരിൽ നിന്നും ഞാൻ പിൻതിരിയുകയില്ല (യിരെ.32:40) എന്റെ വാക്കുകൾ നീ അനുസരിക്കുകയും,കേൾക്കുകയും ചെയ്താൽ എല്ലാവരെക്കാളും നീ എനിക്ക് പ്രിയപ്പെട്ട കുഞ്ഞായിരിക്കും (പുറ.19:5). പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും കൂടി ഞാൻ നിനക്ക് നന്മ ചെയ്യുകയും നിന്നെ നട്ടുവളർത്തുകയും പരിപാലിക്കുകയും ചെയ്യും (യിരെമ്യ 32:41) നിന്റെ ബുദ്ധിക്കതീതമായ മഹത്വവും വിശുദ്ധവുമായ കാര്യങ്ങൾ ഞാൻ നിനക്കു വെളിപ്പെടുത്തി തരാം. (യിരെമ്യ 33:3) എന്നെക്കണ്ടെത്താൻ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും കൂടി നീ എന്നെ അന്വേഷിക്കേണ്ടിയിരിക്കുന്നു (ആവർ.4:29).

നീ എന്നിൽ ആനന്ദം കണ്ടെത്തുകയാണെങ്കിൽ നിന്റെ ആഗ്രഹങ്ങൾ ഞാൻ സാധിച്ചുതരുന്നതായിരിക്കും (സങ്കീ.37:4). അത്തരം ആഗ്രഹങ്ങൾ നിന്നിൽ ഉത്തേജിപ്പിക്കുന്നത് ഞാനായിരിക്കും (ഫിലി.2:13). നിനക്ക് സങ്കല്പിക്കാവുന്നതിന്റെ അപ്പുറത്തുള്ളവ എനിക്ക് ചെയ്യുവാൻ സാധിക്കുമെന്ന് നീ അറിയുക (എഫേ.3:20). നിനക്ക് ആശ്വാസവും പ്രത്യാശയും നൽകുന്നത് ഞാൻ മാത്രമായിരിക്കും (2. തെസ്സ.216–17). കുഞ്ഞെ, നിന്റെ എല്ലാ ദുരിതങ്ങളിലും നിന്നെ ആശ്വസിപ്പിക്കുന്ന പിതാവ് ഞാൻ മാത്രമല്ലെ. (2.കോരി.1:3–4). നിന്റെ ഹൃദയം നുറുങ്ങിയിരിക്കുമ്പോഴെല്ലാം ഞാൻ സമീപത്തുണ്ടെന്ന് നീ വിശ്വസിച്ചാൽ എത്ര നന്നായിരുന്നു (സങ്കീ. 34:18). ഒരിടയൻ തന്റെ ആട്ടിൻകുട്ടികളെ കരങ്ങളിൽ ചേർത്ത് മാറോടണച്ച് അവയെ നയിക്കുന്നതുപോലെ നിന്നെ ഞാൻ നയിച്ചുകൊണ്ടിരിക്കുന്നു. (യെശയ്യ. 40:11) ഒരു ദിവസം നിന്റെ കണ്ണിലെ കണ്ണീരെല്ലാം ഞാൻ തുടച്ചു നീക്കുക തന്നെ ചെയ്യും, ഒപ്പം നിന്റെ എല്ലാ വേദനകളും (വെളി.21:3–4). എന്റെ പ്രിയ പുത്രനായ യേശുവിനെ ഞാൻ സ്നേഹിച്ചതുപോലെ നിന്നെയും ഞാൻ സ്നേഹിക്കുന്നു. (യോഹ.17:23). എന്റെ പുത്രനായ യേശുവിലൂടെ നിന്നോടുള്ള എന്റെ സ്നേഹം വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു (യോഹ.17:26).

കുഞ്ഞേ, ഞാൻ നിന്റെ പക്ഷത്താണെങ്കിൽ ആരും നിനക്കെതിരായി നിൽക്കുകയില്ലെന്നു മനസ്സിലാക്കുക. (റോമ.8:31). എന്റെ പുത്രൻ യേശുക്രിസ്തുവിന്റെ കുരിശുമരണം വഴി നിന്നെ എന്നോട് അവൻ രമ്യപ്പെടുത്തിയില്ലേ? (2 കൊരി.5:18–19). എന്റെ പുത്രനെ നിന്റെ പാപങ്ങൾക്കുള്ള പരിഹാര ബലിയായി കുരിശിൽ മരിക്കുവാനായി ഞാൻ അയച്ചതായിരുന്നു നിന്നോടുള്ള എന്റെ സ്നേഹത്തിന്റെ മഹത്തായ അടയാളമെന്ന് നീ മനസ്സിലാക്കിയിരുന്നെങ്കിൽ എന്നു ഞാൻ ആശിക്കുന്നു (1 യോഹ.4:10). കുഞ്ഞെ,

നിന്നോടുള്ള സ്നേഹത്താൽ ഞാൻ ഏറ്റവും സ്നേഹിച്ചവനെ നിനക്കായി നൽകിയ കാര്യത്തെ നീ ഒരിക്കലും മറക്കരുതെ (റോമർ 8:31-32). എന്റെ പുത്രനെ നീ ഏറ്റു പറയുമെങ്കിൽ നിനക്ക് ഞാൻ പിതാവായിരിക്കും (1യോഹ.2:23). എന്റെ പുത്രനിലും നിന്നോടുള്ള എന്റെ സ്നേഹത്തെ വേർപെടുത്താൻ സാധിക്കുകയില്ല എന്ന് നീ ഒന്നു വിശ്വസിച്ചിരുന്നെങ്കിൽ (റോമ.8:38-39). അതിനാൽ എന്റെ കുഞ്ഞേ, നീ നിന്റെ അപ്പന്റെ ഭവനത്തിലേക്ക് എത്രയും പെട്ടെന്ന് മടങ്ങി വരിക. അതു വഴി സ്വർഗ്ഗം ഏറ്റവും കൂടുതൽ സന്തോഷിക്കട്ടെ (ലൂക്കോ.15:7).

ഞാൻ എന്നും നിന്റെ സ്നേഹപിതാവായിരുന്നു. എപ്പോഴും അങ്ങനെ തന്നെ ആയിരിക്കുകയും ചെയ്യും (എഫേ.3:1415). എനിക്ക് നിന്നോട് ഒന്നു ചോദിക്കുവാനുണ്ട്. നീ എന്റെ കുഞ്ഞാകുമോ? (യോഹ.1:12-13). പ്രതീക്ഷയോടെ നിന്റെ മടങ്ങി വരവിനായി ഞാൻ കാത്തിരിക്കുന്നു (ലൂക്കോ.15:11-32).

സ്നേഹത്തോടെ, നിന്റെ പിതാവ്

സർവ്വശക്തനായ പിതാവായ ദൈവം



# പുതുവർഷത്തിൽ പുതുമകളോടെ ക്നാനായദീപം

ദൈവം സ്നേഹവും എളിമയും കരുണയുമായിട്ടവതരിച്ചതിന്റെ പുണ്യസ്മൃതികളുമായ് പുതുവർഷം പടികയറുമ്പോൾ വരവേൽക്കാൻ വളരെയേറെ പുതുമകളോടെ ക്നാനായദീപം അണിഞ്ഞൊരുങ്ങുന്നു. പ്രശസ്ത ചിന്തകനായ ഡോ. ബാബു പോൾ IAS ന്റെ ലേഖനം, സഭയുടെ വിശ്വാസവും ആചരണവും സംബന്ധിച്ചുള്ള മറുപടിയായി 'മല്പാനോടു ചോദിക്കാം', പ്രശസ്തവിദ്യാഭ്യാസ വൈജ്ഞാനികനായ ഡോ. സുനിൽ. ഡി. കുരുവിളയുടെ പംക്തി, ധ്യാനദീപം, വനിതാദീപം, പ്രസംഗദീപം, തൊഴിൽവീഥി എന്നിവയും മറ്റു സ്ഥിരം പംക്തികളുമായി ഈ അക്ഷരദീപം നിങ്ങളുടെ കയ്യിലെത്തുമ്പോൾ ഈ പുതുവർഷത്തെ സന്തോഷത്തോടെ നമുക്കൊരുമിച്ചു വരവേൽക്കാം.

എഡിറ്റോറിയൽ ബോർഡ്

# CONGRATULATIONS



**MS.IRENE THOMAS**

**UNIVERSITY SECOND RANK IN M.PHARM (PHARMACEUTICS) (2016-18)**

Under **Kerala University of Health Sciences,** Thrissur.

**Management, Staff & Students**
**NAZARETH COLLEGE OF PHARMACY,**
**OTHERA, THIRUVALLA- 689546**
(A Christian Minority Institution Owned And Managed By Malankara Suriyani Knanaya Samudayam)

# CONGRATULATIONS



**MS.ASWATHY BOSE**

**UNIVERSITY THIRD RANK IN M.PHARM (PHARMACEUTICS) (2016-18)**

**Under Kerala University of Health Sciences, Thrissur.**

Management, Staff & Students
**NAZARETH COLLEGE OF PHARMACY**
**OTHERA, THIRUVALLA-689546**
(A Christian Minority Institution Owned And Managed By Malankara Suriyani Knanaya Samudayam)

# അനാശ്രയ മൈത്രി സൗഹൃദ സംഗമവും കുടുംബ കൂട്ടായ്മയുടേയും സമ്മേളനം

**ആശ്രിതരോട് ആശ്രിതാനുകമ്പ കാണിക്കുന്ന മെത്രാപ്പോലീത്തയായിരുന്ന കാലം ചെയ്ത കിഴക്കിന്റെ വലിയ മെത്രാപ്പോലീത്ത എബ്രഹാം മാർ ക്ലീമീസ് എന്ന് പത്തനംതിട്ട ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോർജ്ജ് മാമ്മൻ കൊണ്ടൂർ അനാശ്രയ മൈത്രി സൗഹൃദ സംഗമവും കുടുംബകൂട്ടായ്മയുടേയും സമ്മേളന ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.**

സഭകൾക്കും സമൂഹത്തിനും സമുദായങ്ങൾക്കും മറക്കാനാവാത്ത വ്യക്തിത്വത്തിന്റെ പ്രതീകമായിരുന്നു മാർ ക്ലീമീസ്. അനാഥരോടുള്ള അവഗണന യുവതലമുറ ഏറ്റെടുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. മോർ ക്ലീമീസ് ജന്മശതാബ്ദിയോടനുബന്ധിച്ച് റാന്നി മേഖലാ അനുസ്മരണ കമ്മറ്റി റാന്നി സി.എം.എസ്. കമ്മ്യൂണിറ്റി യു.പി. സ്കൂളിൽ വെച്ച് നടത്തിയ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. അനുസ്മരണകമ്മറ്റി രക്ഷാധികാരി വെരി. റവ. എ.റ്റി. തോമസ് കോർ എപ്പിസ്കോപ്പാ അറയ്ക്കൽ അധ്യക്ഷത വഹിച്ചു. റവ. ഫാ. തോമസ് എബ്രഹാം കടപ്പനങ്ങാട്ട്, റവ. ബിനോയ് എം. തര്യൻ, റവ. ഡോ. ബെൻസി മാത്യു കിഴക്കേതിൽ, ആലിച്ചൻ ആറൊന്നിൽ, സുജാ മേഴ്സി വർഗീസ്, സ്മിജു ജേക്കബ് മറ്റയ്ക്കാട്ട്, വി.കെ. സ്റ്റീഫൻ കാവുങ്കപുരയിൽ, രജീവ് തോമസ് താമരപള്ളിൽ, ജേക്കബ് പോൾ കുളമടയിൽ എന്നിവർ പ്രസംഗിച്ചു.



**അനാശ്രയ മൈത്രി സൗഹൃദ സംഗമവും കുടുംബകൂട്ടായ്മയുടേയും സമ്മേളനവും പത്തനംതിട്ട ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോർജ്ജ് മാമ്മൻ കൊണ്ടൂർ ഉദ്ഘാടനം ചെയ്യുന്നു.** വെരി. റവ. എ.റ്റി. തോമസ് കോർ എപ്പിസ്കോപ്പാ അറയ്ക്കൽ റവ. ഫാ. തോമസ് എബ്രഹാം കടപ്പനങ്ങാട്ട്, റവ. ബിനോയ് എം. തര്യൻ, റവ. ഡോ. ബെൻസി മാത്യു കിഴക്കേതിൽ, ആലിച്ചൻ ആറൊന്നിൽ, സുജാ മേഴ്സി വർഗീസ്, സ്മിജു ജേക്കബ് മറ്റയ്ക്കാട്ട്, വി.കെ. സ്റ്റീഫൻ കാവുങ്കപുരയിൽ, രജീവ് തോമസ് താമരപള്ളിൽ, ജിജി മോൾ ആലിച്ചൻ എന്നിവർ സമീപം



# മലർവാടിക്കൂട്ടം

പ്രിയകൂട്ടുകാരെ,

നമ്മുടെ നിത്യജീവിതത്തിൽ നമുക്ക് അപ്രധാനമായ കാര്യങ്ങൾ ചിലർ ചെയ്യുമ്പോൾ മനസ്സ് തുറന്ന് പ്രോത്സാഹിപ്പിക്കാനോ ആ വിജയങ്ങളിൽ അവരോടൊപ്പമാകാനോ നമുക്ക് സാധിക്കാതെ പോകുന്നു. അതിനെ നിസ്സാരമായി കാണുകയും അവർ ചെയ്തതിനേക്കാൾ കൂടുതലായി ചെയ്യുവാൻ എനിക്ക് സാധിക്കുമെന്ന ഗർവ്വിൽ പോവുകയും അവസാനം പരാജയപ്പെട്ട് മാറിപ്പോകേണ്ടതായും വരാം.

ഒരിക്കൽ ഒരു കാട്ടിൽ രാജാവായ സിംഹം ഉത്സവം പ്രഖ്യാപിച്ചു. എല്ലാ മൃഗങ്ങളും രാജാവായ സിംഹത്തിന്റെ അദ്ധ്യക്ഷതയിൽ കൂടി. കാര്യാലോചനകൾ നടത്തിയതിനുശേഷം രാജാവ് പറഞ്ഞു ഇനി നമുക്ക് സന്തോഷിക്കാം. നിങ്ങളിൽ കലാവാസനയുള്ളവർ എന്തെങ്കിലും പരിപാടികൾ കാണിക്കുക. ഇത് കേട്ട് ഒരു കുട്ടികുരങ്ങൻ മുൻപോട്ട് വന്ന് രസകരമായ ഒരു നൃത്തം അവതരിപ്പിച്ചു.

കൗതുകകരമായ നൃത്തം കണ്ട് മൃഗങ്ങളെല്ലാം ആർത്തു ചിരിച്ചു. രാജാവായ സിംഹവും സന്തോഷിച്ചു. എന്നാൽ അല്പം മാറി ഇതെന്ത് എന്ന പുച്ഛഭാവത്തോടെ ഒരു ജിറാഫ് നിൽക്കുന്നു. ഈ നൃത്തം അവസാനിച്ചപ്പോൾ ജിറാഫ് പറഞ്ഞു. ചിരിക്കാനൊന്നും ഇല്ല. ഇത് ഒരു വികൃത നൃത്തമാണ്. ഇതിനെക്കാൾ വലുതായി ഞാൻ നൃത്തം ചെയ്യും. അപ്പോൾ സിംഹം പറഞ്ഞു എന്നാൽ കാണട്ടെ നിന്റെ ഡാൻസ്. ജിറാഫ് തന്റെ കാലും, ശരീരവുമൊക്കെ ഇളക്കി ഡാൻസ് തുടങ്ങി. നീളൻ കാലുകളുമായി വികൃതമായ ജിറാഫിന്റെ നൃത്തം നമുക്ക് ഊഹിക്കാവുന്നതേയുള്ളല്ലോ. അതുകൊണ്ട് സിംഹം അലറി, മറ്റ് മൃഗങ്ങൾ കൂവി. കോപത്തോടെ സിംഹം പറഞ്ഞു. ഇനി നിന്നെ ഇവിടെ കാണരുത്. ഈ കാട് വിട്ടുപോവുക. ക്രോദ്ധാകുലനായ സിംഹരാജാവിന്റെ വാക്ക് കേട്ട് തലയും താഴ്ത്തി ജിറാഫ് ആ കാടു വിട്ടു പോയി.

പ്രിയകൂട്ടുകാരെ പലപ്പോഴും നമ്മൾ ഇങ്ങനെയാണ്. മറ്റുള്ളവരുടെ കഴിവുകളെ മനസ്സിലാക്കില്ല. അഥവാ അറിഞ്ഞാൽ പ്രോത്സാഹിപ്പിക്കില്ല, എന്തെങ്കിലും കുറ്റം കാണും, അവസാനം നാം ഇളിഭ്യരാകും. തുറന്ന മനസ്സോടെ ചുറ്റുപാടുകളെ നമുക്ക് കാണാം. എല്ലാവരേയും സ്നേഹിക്ക, മറ്റുള്ളവരുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കാം.

സസ്നേഹം

നിങ്ങളുടെ കൊച്ചേട്ടൻ

# The Birth of Heavenly

**Alan Raj, Manimalaparayil**

The heavenly one was born
In the geneology of David.
The creaters right hand was
carved in the form of a man
with nature of a servant
The king of Jews and Jesos of
Nazareth was born
Herod book the bword
but his swords sharpness
no longer last....
for it dashed with the
"Sword of life' and
the 'sword of creator'
The one about whom
great prophets prophesied
and old scriptures talked
was born through a virgin
and was called 'son of man'
Blessed is John
he baptized him with water
but followed him
the mose superior one
baptized him with
fire and holy spirit
The son lowered himself
Father exalted him to
sit at his right hand...

# വേർപാടിന്റെ ഒന്നാം വാർഷികം

25-12-2018



## മറിയാമ്മ ബേബി

**കോന്ത്യാപറമ്പിൽ**

**രാമങ്കരി**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

ഭർത്താവ് - കെ. എ. ബേബി
മക്കൾ - ഷാലുമോൻ, ഷീജമോൾ
മരുമക്കൾ - വിൽസൺ സ്ക്കറിയ ഇളവൻകുളം, ജിജിമോൾ
കൊച്ചുമക്കൾ - ഷെറിൻ, നെൽസൺ, ഷാരോൺ, നെൽമ.

Advt - O


WAKE
WORLD ASSOCIATION OF KNANAYA ENTREPRENEURS
NEWLY ELECTED
GOVERNING COUNCIL MEMBERS OF WAKE
REJI MARKOS
Chairman
ELIAS ZACHARIAH
Vice Chairman
THOMAS JOHN KULANGARA
Immediate Past Chairman
MATHEW JACOB
Secretary
JABYSON PHILIP
Joint Secretary
MATHEW JACOB PUTHIAMADOM
Treasurer
EX-OFFICIO MEMBERS
SCARIA THOMAS
Knanaya Samudaya Trustee
T.O ABRAHAM THOTTATHIL
Knanaya Samudaya Secretary
BINOY KURIAN
Convenor Community Service & Pro
PHILIP THOMAS
Convenor Projects
KURIAN ABRAHAM
Convenor- Fellowship & Membership
YACOOB JACOB
Convenor Youth Affairs & Education
ABY MATHEW
ABRAHAM K THOMAS
BABU SAMUEL
BIJOY JACOB THOMAS
JOBY JOY
JOBJI MATHEWS
LT. CDR.KURIAKOSE MATHEW
PUNNOOSE ANDREWS
RAVI JACOB
RENNY KOIPURAM
SAJAN ABRAHAM
TITTEN THOMAS

## 40 – ാം ചരമവാർഷികം
02 – 12 – 2018



# കെ. കുട്ടി
കടപ്പനങ്ങാട്ട്

## 40 – ാം ചരമദിനം
20 – 12 – 2018



# ബേബി (84)
കടപ്പനങ്ങാട്ട്, വെച്ചൂച്ചിറ

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്ത്"

**എല്ലാവരോടും ഒരു വാക്ക്**

ഞങ്ങളുടെ പ്രിയ പിതാവ് കടപ്പനങ്ങാട്ട് ബേബി (സി. എബ്രഹാം) യുടെ വേർപാടിൽ ഞങ്ങളെ ആശ്വസിപ്പിക്കുകയും, ദു:ഖത്തിൽ പങ്കുചേരുകയും, ശവസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്ത അഭിവന്ദ്യരായ ആർച്ചു ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത, മേഖല മെത്രാപ്പോലീത്തമാരായ മോർ ഗ്രിഗോറിയോസ്, മോർ ഇവാനിയോസ്, മോർ സിൽവാനിയോസ് എന്നീ പിതാക്കന്മാർ, ബഹു വൈദീക ശ്രേഷ്ഠർ, രാഷ്ട്രീയ, സാമൂഹിക, സാമുദായിക, സാംസ്കാരിക പ്രവർത്തകർ എല്ലാ പ്രിയപ്പെട്ടവരോടും ബന്ധുമിത്രാദികളോടും ദൈവസ്നേഹത്തിൽ നന്ദി അർപ്പിക്കുന്നു.

സന്തപ്ത കുടുംബാംഗങ്ങൾ

*ഭാര്യ – മേരി എബ്രഹാം*

*മക്കൾ – ചാക്കോ എബ്രഹാം (ബാബു), റവ. ഫാ. തോമസ് എബ്രഹാം (ജോസ്), എബ്രഹാം ചാക്കോ(അച്ചൻകുഞ്ഞ്), സുമ ഷാജി, സുനു എബ്രഹാം.*

*മരുമക്കൾ – ഷാജി എബ്രഹാം, എബ്രഹാം റ്റി, റ്റി, ഓമന ചാക്കോ, മിനിമോൾ തോമസ്, ജിനി ചാക്കോ*

Advt - O



## പറുദീസയിലെ ഒന്നാംവർഷം
06 – 12 – 2018 (വ്യാഴം)

# വിനു കുര്യൻ ജേക്കബ് (25)
താഴ്ചയിൽ, കുറ്റൂർ

മാനത്തെ വെള്ളിത്തേരിലുറങ്ങും മാലാഖപ്പൂമുത്തേ
മാനത്തിരുന്നൊരു പൊൻമുത്തമേകിടാൻ
താഴോട്ടു നോക്കിടുമോ? നീ
താഴോട്ടു നോക്കിടുമോ?
മുത്തുകൾകൊണ്ടു പണിഞ്ഞൊരു വീട്
സ്വർഗത്തിലിന്നില്ലേ? നിന്റെ
അമ്മയാം മേരിയും യൗസേഫുമിന്ന്
കൂട്ടിനിരിപ്പില്ലേ? നിന്റെ
കൂട്ടിനിരിപ്പില്ലേ?.....

*ജേക്കബ് കുര്യൻ (പിതാവ്)*
*മറിയാമ്മ ജേക്കബ് (മാതാവ്)*
*ജോ ജേക്കബ് (സഹോദരൻ)*
*ക്രിസ് അബ്രാം ജേക്കബ് (സഹോദരൻ)*
*മറിയാമ്മ കുര്യൻ (അമ്മച്ചി)*

Advt - O

# 3 – ാം ചരമവാർഷികം

29 – 12 – 2018



# കെ. യു. തോമസ്

(കുളങ്ങര സാർ)

**Conso Group Chingavanam**

Advt - O



TRUSTED 50 GOLDEN YEARS
ഷോപ്പിംഗ് വൈവിധ്യങ്ങളുമായി
ചങ്ങനാശ്ശേരി സംഗീത
ഇപ്പോൾ ചിങ്ങവനത്തും
വർണ്ണ വസ്ത്രങ്ങളുടെ വൈവിധ്യവും,
സ്നേഹോപഹാരങ്ങളുടെ കലവറയുമായി
ചിങ്ങവനം സംഗീതയിൽ ഷോപ്പിംഗ്
വിസ്മയങ്ങളുടെ ആഘോഷം..
ഏവർക്കും സ്വാഗതം..
The SIGNATURE of ELEGANCE
Sangeetha®
CHANGANASSERY | CHINGAVANAM
Near BSNL , MC Road, CHINGAVANAM
SANGEETHA FASHIONS: 0481 2431385, SANGEETHA GIFT HOUSE : 0481 2430882, MONEY EXCHANGE: 0481 2432882

## 1 –ാം ചരമ വാർഷികം
07–12–2018



**Sobit Abraham (47)**

## 1 –ാം ചരമ വാർഷികം
25–12–2018



**B. P. Abraham (Baby -78)**

Pattarumadathil, (Ranni)
Mumbai

Advt - O

## 39 –ാം ചരമ വാർഷികം



മരണം 03–11–1979

**K. M. Abraham**

## 1 –ാം ചരമ വാർഷികം



മരണം 14–12–2017

**Mariamma Abraham**

Kallumala Thayil
Kuttoor, Thiruvalla

“കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 –ാം ചരമ ദിനം
25–12–2018



**V. K. Babu Kutty**

Vettimoottil
Trivandrum

“നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

# ST. PAUL'S KNANAYA PRAYER GROUP

Riyadh Saudi Arabia



## MANAGING COMMITTEE 2018-2019

**PRESIDENT**



**VINOD ABRAHAM**
Karippal
St.Mary's Knanaya Church
Cherukulanji Ranni
+966 56 732 8520

**SECRETARY**



**SHIJU OOMMEN**
Thekkethil
St.Mary's Knanaya Church
Kattodu - Vallamkulam
+966 53 398 6635

**TRUSTEE**



**BIJU ZACHARIA**
Kannalil
St.Mary's Knanaya Church
Thengeli
+966 50 225 9605

**PRAYER LEADER**



**SONU JOSEPH**
Puthenpurackal Pulayakunnil
St.Mary's Knanaya Syrian
Church - Eraviperoor

**COMMITEE MEMBER**



**EBY T JOSE**
Thuruthekodiyil
St.Jacob's Knanaya Valiyapalli
Ramamangalam

**COMMITEE MEMBER**



**MONCY KURIEN**
Valiyaparambil
St.kuriakose knanaya church
Aythala - Ranni

**COMMITEE MEMBER**



**BINOY ULAHANNAN**
Kizhakkumcheryil
St.Jacob's Knanaya Valiyapalli
Ramamangalam

**COMMITEE MEMBER**



**NIBIN BABU**
Aykkattu Maliakal
St.Mary's Knanaya Church
Cherukulanji - Ranni

**COMMITEE MEMBER**



**SUJITH ELIAS**
Kizhakkumcheryil
St.Jacob's Knanaya Valiyapalli
Ramamangalam

**SUNDAY SCHOOL HEADMISTRESS**



**ANU NIBIN**
Aykkattu Maliakal
St.Mary's Knanaya Church
Cherukulanji - Ranni

**VANITHASAMAJAM COORDINATOR**



**LINCY SHYNU**
Nedungatathu
St.Mary's Knanaya Church
Mazhukeer



# 5–ാം
## ചരമവാർഷികം
**7-12-2018**

**Very.Rev: C.K.MATHEWS**
**Cor-Episcopa**
**CHERUMADAKALA**

[illegible]



| 27–ാം ചരമവാർഷികം 10-10-2018 | 23–ാം ചരമവാർഷികം 8-12-2018 | 7–ാം ചരമവാർഷികം 13-2-2019 | 52–ാം ചരമവാർഷികം 15-12-2018 |
|---|---|---|---|







| MATHEW KURIAN | CHACHIAMMA KURIAN | സി. കെ. എബ്രാഹം | മേരിക്കുട്ടി എബ്രാഹം |
|---|---|---|---|

**CHERUMADAKALA**
**KATTODU**

**മാളിയേക്കൽ ചെല്ലാട്ട്**
**കല്ലിശ്ശേരി**

## 3-ാം ചരമവാർഷികം
01 - 12 - 2018



**തോമസ് ചാക്കോ (ഉണ്ണി)**
കടയ്ക്കാവുങ്കൽ
കുറ്റൂർ, തിരുവല്ല

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ"

ഭാര്യ – സാലമ്മ
മക്കൾ – അനൂപ്, അരുൺ, മരുമക്കൾ – അനു, അശ്വതി

## 3 – ാം ചരമ വാർഷികം
